2024 DECEMBER
14
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഏറ്റവും വലിയ നാടുകടത്തലിന് യുഎസ്; 15 ലക്ഷം പേരുടെ പട്ടിക തയാർ

## 18,000 ഇന്ത്യക്കാരെ ബാധിക്കും



**വാഷിങ്ടൺ:** ചരിത്രത്തിലെ ഏറ്റവും വലിയ നാടുകടത്തലിന് യുഎസ് സാക്ഷ്യം വഹിക്കുമെന്ന നിയുക്ത യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രഖ്യാപനം 18,000 ഇന്ത്യക്കാരെ ബാധിക്കും. നാടുകടത്തലിനുള്ള മുന്നൊരുക്കമായി അനധികൃതമായി രാജ്യത്ത് കഴിയുന്ന ഏകദേശം 15 ലക്ഷം കുടിയേറ്റക്കാരുടെ അന്തിമപട്ടിക യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് (ഐസിഇ) നവംബറിൽ പുറത്തുവിട്ടിരുന്നു. അതിൽ 17,940 പേർ ഇന്ത്യക്കാരാണെന്നാണ് വിവരം.

ഗുജറാത്ത്, പഞ്ചാബ്, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് അധികവും. ഇവരെ ഇന്ത്യയിലേക്ക് തിരികെ അയച്ചേക്കുമെന്നാണ് സൂചന. തങ്ങളുടെ പൗരരെന്ന് വിശ്വസിക്കപ്പെടുന്നവരെ സ്വീകരിക്കാൻ വിദേശ സർക്കാരുകൾ ഉചിതമായ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഐസിഇ പറഞ്ഞു. അധികൃതരുടെ ഏകോപനത്തിലെ കാലതാമസം ചൂണ്ടിക്കാട്ടി ഐസിഇ ഇന്ത്യയെ സഹകരിക്കാത്തവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മടങ്ങിയെത്തുന്ന പൗരന്മാരെ സ്വീകരിക്കുന്നതിൽ രാജ്യങ്ങൾ കാണിക്കുന്ന നിസഹകരണം അടിസ്ഥാനമാക്കിയാണ് ഈ തരംതിരിവ്. 15 രാജ്യങ്ങൾ ഈ പട്ടികയിലുണ്ട്.

കുടിയേറ്റക്കാരെ പുറത്താക്കാൻ സൈന്യത്തെയും മറ്റ് ആഭ്യന്തരസുരക്ഷാ ഏജൻസികളെയും ഉപയോഗിക്കുമെന്ന് ട്രംപ് കഴിഞ്ഞദിവസവും പറഞ്ഞിരുന്നു. മതിയായ രേഖകളില്ലാതെ രാജ്യത്തു കഴിയുന്ന നൂറോളം ഇന്ത്യക്കാരെ കഴിഞ്ഞ ഒക്ടോബറിൽ ചാർട്ടേഡ് വിമാനത്തിൽ യുഎസ് തിരിച്ചയച്ചിരുന്നു. ഇന്ത്യൻ സർക്കാരിന്റെ സഹകരണത്തോടെ 202324 സാമ്പത്തികവർഷം 1100 ഓളം പേരെ നാടുകടത്തിയെന്നാണ് യുഎസ് ആഭ്യന്തരസുരക്ഷാ വകുപ്പിന്റെ കണക്ക്.



# 100 കെ 9 വജ്ര ആർട്ടിലറി ഗൺ, 12 സുഖോയ് 30 എംകെഐ യുദ്ധ വിമാനങ്ങൾ: 21,100 കോടി പ്രതിരോധ ഇടപാടിന് അംഗീകാരം

**ന്യൂഡൽഹി:** 21,100 കോടി രൂപയുടെ പ്രതിരോധ ഇടപാടിന് കാബിനറ്റ് സുരക്ഷാ സമിതിയുടെ അംഗീകാരം. 100 കെ 9 വജ്ര ആർട്ടിലറി ഗണ്ണുകളും 12 സുഖോയ് 30 എംകെഐ യുദ്ധ വിമാനങ്ങൾ വാങ്ങുന്നതിനുമാണ് അനുമതി. കെ 9 വജ്ര വാങ്ങുന്നതിന് 7600 കോടി രൂപയാണ് ചെലവ്. ദക്ഷിണ കൊറിയൻ കമ്പനിയുമായി സഹകരിച്ച് എൽ അൻഡ് ടി ആണ് തോക്കുകൾ നിർമിക്കുന്നത്.

ദക്ഷിണ കൊറിയയിൽ നിന്നുള്ള കെ 9 തണ്ടർ ഗണ്ണിൻറെ ഇന്ത്യൻ പതിപ്പാണ് കെ 9 വജ്ര. 13,500 കോടിരൂപയുടേതാണ് സുഖോയ് വിമാന ഇടപാട്. എച്ച്എഎൽ ആണ് റഷ്യൻ സഹകരണത്തോടെ വിമാനം നിർമിക്കുന്നത്.

# വിപണി തിരിച്ചു കയറി

**കൊച്ചി:** കനത്ത ചാഞ്ചാട്ടത്തിനൊടുവിൽ മികച്ച നേട്ടവുമായി വെള്ളിയാഴ്ച ഇന്ത്യൻ ഓഹരി വിപണി വ്യാപാരം അവസാനിപ്പിച്ചു. നാണയപ്പെരുപ്പം കുറഞ്ഞതും വ്യാവസായിക ഉത്പാദനത്തിലെ ഉണർവുമാണ് നിക്ഷേപകർക്ക് ആവേശം പകർന്നത്. ഇന്നലെ ഒരവസരത്തിൽ 1,200 പോയിൻറ് നഷ്ടം നേരിട്ട മുഖ്യ സൂചിക പിന്നീട് 2,000 പോയിൻറിലധികം നേട്ടമുണ്ടാക്കി. കൺസ്യൂമർ ഉത്പന്നങ്ങൾ, ഐടി, ബാങ്കിങ് തുടങ്ങിയ മേഖലകളിലെ ഓഹരികളാണ് മുന്നേറ്റത്തിന് നേതൃത്വം നൽകിയത്.

സെൻസെക്സ് 843.16 പോയിൻറ് നേട്ടവുമായി 82,133.12ൽ വ്യാപാരം പൂർത്തിയാക്കി. നിഫ്റ്റി 219.60 പോയിൻറ് ഉയർന്ന് 24,768.30ൽ അവസാനിച്ചു. തുടർച്ചയായ നാലാം വാരമാണ് ഓഹരി വിപണി നേട്ടമുണ്ടാക്കുന്നത്. നാണയപ്പെരുപ്പം നിയന്ത്രണ വിധേയമാകുന്നുവെന്ന സൂചനകൾ കൺസ്യൂമർ ഉത്പന്ന മേഖലയിലെ ഓഹരികൾക്ക് ആവേശം പകർന്നു.

നാണയപ്പെരുപ്പം കുറഞ്ഞതോടെ അടുത്ത വർഷമാദ്യം റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കുകൾ കുറച്ചേക്കുമെന്നാണ് നിക്ഷേപകർ പ്രതീക്ഷിക്കുന്നത്. ട്രംപ് ഭീതിയിൽ കനത്ത തിരിച്ചടി നേരിട്ട ഇന്ത്യൻ ഓഹരി വിപണി ശക്തമായി തിരിച്ചുകയറുകയാണ്. നവംബറിലെ വലിയ ഇടിവിന് ശേഷം ഇതുവരെ 5,300 പോയിൻറിൻറെ നേട്ടമാണ് മുഖ്യ ഓഹരി സൂചികയായ സെൻസക്സിലുണ്ടായത്.

നിഫ്റ്റിയിലും സമാനമായ മുന്നേറ്റമാണ് ദൃശ്യമായത്. ഇന്നലെ തുടക്കത്തിൽ കനത്ത നഷ്ടം നേരിട്ടതിന് ശേഷം ഓഹരി സൂചികകൾ ശക്തമായി തിരിച്ചുകയറി. ആഗോള വിപണിയിലെ പ്രതികൂല സാഹചര്യങ്ങളും സാമ്പത്തിക മേഖലയിലെ തളർച്ചയും അവഗണിച്ചാണ് വിദേശ, സ്വദേശ നിക്ഷേപകർ ഇന്ത്യൻ വിപണിയിൽ പണമൊഴുക്കുന്നത്.നാണയപ്പെരുപ്പം താഴ്ന്നതും വ്യാവസായിക രംഗത്തെ തളർച്ചയും കണക്കിലെടുത്ത് റിസർവ് ബാങ്ക് പലിശ കുറയ്ക്കാൻ തയാറെടുക്കുന്നുവെന്നാണ് വിലയിരുത്തുന്നത്. യൂറോപ്യൻ സെൻട്രൽ ബാങ്കിന് പിന്നാലെ അമെരിക്കയിലെ ഫെഡറൽ റിസർവും പലിശ കുറയ്ക്കുന്നതോടെ ഇന്ത്യയിലേക്കുള്ള വിദേശ പണമൊഴുക്ക് കൂടുമെന്നും പ്രതീക്ഷിക്കുന്നു.പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷങ്ങൾ കുറയുന്നതിനാൽ ക്രൂഡ് ഓയിൽ വില താഴുന്നതോടെ കമ്പനികളുടെ പ്രവർത്തന ലാഭം മെച്ചപ്പെടാനും ഇടയുണ്ട്. 2014 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ ഇന്ത്യൻ ഓഹരി വിപണിയിൽ വിദേശ നിക്ഷേപകർ ഒഴുക്കിയത് 45.96 ലക്ഷം കോടി രൂപയാണ്.



# നദീസംയോജന പദ്ധതി പമ്പയുടെയും അച്ചൻകോവിലാറിന്റെയും മരണമണി

**പത്തനംതിട്ട:** മൂന്നു പതിറ്റാണ്ടുകൾക്കു മുന്പ് തയാറാക്കിയ ഒരു പദ്ധതിയുടെ പേരിൽ തമിഴ്നാട് ഇപ്പോഴും സമ്മർദം തുടരുന്പോഴും ആശങ്കയിലാകുന്നത് പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ.

രണ്ടു ജില്ലകളുടെയും പ്രധാന ജലസ്രോതസുകളായ പന്പയുടെയും അച്ചൻകോവിലാറിന്റെ മരണമണി മുഴക്കുന്നതാണ് പദ്ധതി. പന്പ അച്ചൻകോവിൽ വൈപ്പാർ പദ്ധതി നടപ്പായാൽ ഇരുനദികളുമായി ബന്ധപ്പെട്ട ജലസേചന, ജലവിതരണ പദ്ധതികൾ പ്രതിസന്ധിയിലാകും. കുട്ടനാട്ടിലേതടക്കമുള്ള കാർഷിക മേഖലയെയും ഇതു ബാധിക്കും.

ദേശീയ ജലവികസന ഏജൻസിയുടെ അടുത്ത യോഗത്തിൽ വൈപ്പാർ സംയോജന പദ്ധതി അജണ്ടയിലുൾപ്പെടുത്തിയതായി പറയുന്നുണ്ടെങ്കിലും ഇക്കാര്യം സംബന്ധിച്ച് കേരളത്തിന് ഔദ്യോഗികമായ അറിയിപ്പ് നൽകിയതുമില്ല.

2006ലും 2016ലും പദ്ധതി സംബന്ധിച്ചു ചർച്ചയ്ക്കു തമിഴ്നാട് ശ്രമിച്ചപ്പോൾ അന്നത്തെ ജലവിഭവ മന്ത്രിമാർത്തന്നെ നേരിട്ടെത്തി പദ്ധതിയെ എതിർത്തിരുന്നു. കേരളത്തിൻറെ എതിർപ്പ് മറികടന്ന് പദ്ധതി നടപ്പാക്കാനാകില്ലെന്നു കണ്ടതോടെ ഇതേക്കുറിച്ച് തത്കാലം ആലോചന വേണ്ടെന്ന നിലപാടാണ് കേന്ദ്ര ജലവിഭവ മന്ത്രാലയവും സ്വീകരിച്ചത്.



നദീസംയോജന പദ്ധതിക്കായി നിർദേശിക്കപ്പെട്ടിരിക്കുന്ന മൂന്ന് അണക്കെട്ടുകളും കേരളത്തിൻറെ വനമേഖലയിലാണ്. പശ്ചിമഘട്ടത്തിലെ ജൈവ സന്പന്നമായ ഗൂഡ്രിക്കൽ റേഞ്ചും ഉറാനി കണ്ടൽ ചതുപ്പും ഇതിലുൾപ്പെടും.

പുന്നമേട് ഡാമിനായി 440 ഹെക്ടറും അച്ചൻകോവിൽ കല്ലാർ ഡാമിനായി 124 ഹെക്ടറും അച്ചൻകോവിൽ ഡാമിനായി 323 ഹെക്ടറും നഷ്ടമാകുമെന്നാണ് റിപ്പോർട്ടിൽ തന്നെയുള്ളത്. ഇതിൽ 957 ഹെക്ടറോളം മഴക്കാടുകളാണ്. വൈപ്പാർ നദിയുടെ ഉത്ഭവസ്ഥാനത്തേക്കു വെള്ളം കൊണ്ടുപോകാൻ അഞ്ചു മീറ്റർ വ്യാസമുള്ള ഒമ്പതു കിലോമീറ്റർ ടണലും നിർമിക്കേണ്ടിവരും. അച്ചൻകോവിലിൽനിന്ന് ആളുകളെ കുടിയൊഴിപ്പിക്കേണ്ടിയും വരും.

പരിസ്ഥിതി ആഘാത പഠനം ഉൾപ്പെടെ പദ്ധതിക്കുവേണ്ടി നടത്തിയിട്ടില്ല. നദീസംയോജന പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരും സുപ്രീംകോടതിയും അനുകൂല നിലപാടുകൾ എടുക്കുന്ന സാഹചര്യത്തിലാണ് വൈപ്പാർ സംയോജന പദ്ധതി തമിഴ്നാട് ഉയർത്തിക്കാട്ടുന്നത്.

പമ്പ അച്ചൻകോവിൽ വൈപ്പാർ നദീസംയോജന പദ്ധതി 1992ൽ തയാറാക്കിയതാണ്. നദികളിലെ ജലമൊഴുക്ക് സംബന്ധിച്ച് കേന്ദ്ര ജലകമ്മീഷൻറെ കൈവശമുണ്ടായിരുന്ന ചില കണക്കുകളാണ് പദ്ധതിക്ക് ആധാരമായത്. തമിഴ്നടിൽ അന്നു നേരിട്ടിരുന്ന ജലദൗർലഭ്യവും വരൾച്ചയും കണക്കിലെടുത്ത് വെള്ളത്തിൻറെ ആവശ്യകത ബോധ്യപ്പെടുത്തി തയാറാക്കിയ പദ്ധതിയാണ് പമ്പ അച്ചൻകോവിൽ വൈപ്പാർ പദ്ധതി.

എന്നാൽ, ഇതിനെ പ്രതിരോധിക്കുന്നതിൽ കേരളത്തിനു പലപ്പോഴും പാളിച്ചകളുണ്ടായി. കേരളത്തിൻറെ വനമേഖലയിൽ നിന്നുത്ഭവിച്ച് സംസ്ഥാനത്തുകൂടി ഒഴുകി അറബിക്കടലിൽ ചേരുന്ന രണ്ട് നദികളാണ് പന്പയും അച്ചൻകോവിലും.

നിലവിൽ 20 അണക്കെട്ടുകൾ പമ്പാനദിക്കുണ്ട്. അച്ചൻകോവിലാറിന് അണക്കെട്ടുകൾ ഇല്ല. അച്ചൻകോവിലാറ് കേന്ദ്രീകരിച്ച് തയാറാക്കിയ ടിൻ കല്ലാർ അടക്കമുള്ള വൈദ്യുത പദ്ധതികൾക്ക് പരിസ്ഥിതിയുടെ പേരിൽ അനുമതി നിഷേധിച്ചിരുന്നു.

കേരളത്തിൻറെ നിലവിലെ ആവശ്യകതയ്ക്കനുസരിച്ച് ജലലഭ്യതയിൽ കുറവുണ്ടെന്നാണ് ലോകാരോഗ്യ സംഘടന നടത്തിയ പഠനത്തിൽ പറയുന്നത്. 2003ൽ നടത്തിയ പഠനം അനുസരിച്ച് ഇന്ത്യൻ നഗരമേഖലയിലെ ആളോഹരി ജല ആവശ്യകത പ്രതിദിനം 2000 ലിറ്ററും ഗ്രാമീണ മേഖലയിൽ 150 ലിറ്ററുമാണ്. എന്നാൽ കേരളത്തിലാകട്ടെ ഗ്രാമ, നഗര വ്യത്യാസമില്ലാതെ ഇത് പ്രതദിനം 200 ലിറ്ററും ഭാവിയിൽ 300 ലിറ്ററുമാണ്.

കാലാവസ്ഥ വ്യതിയാനവും ജലലഭ്യതയിൽ കുറവുണ്ടാക്കിയിട്ടുണ്ട്. കാലവർഷവും തുലാവർഷവും പിന്നിടുന്പോൾ സാധാരണ നിലയിൽ അധിക മഴ രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇതുണ്ടാകുന്നില്ല.

ഏറ്റവും കൂടുതൽ മഴ ലഭിച്ചുകൊണ്ടേയിരുന്ന പശ്ചിമഘട്ട മലനിരകളിലും ഇതു കുറഞ്ഞു. ഇക്കാരണത്താൽത്തന്നെ പന്പയും അച്ചൻകോവിലും വേഗത്തിൽ വരളുകയും ചെയ്യാറുണ്ട്.

# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്പെക്റ്റ് സിടി സ്കാനർ പ്രവർത്തനസജ്ജം

**തിരുവനന്തപുരം:** സർക്കാർ മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ നൂതന സ്പെക്റ്റ് സിടി സ്കാനർ പ്രവർത്തനസജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഡിസംബർ 16 മുതൽ ട്രയൽ റണ്ണിന് ശേഷം പ്രവർത്തനം ആരംഭിക്കും. ഈ പുതിയ സാങ്കേതികവിദ്യയിലൂടെ കാൻസർ രോഗ നിർണയവും ചികിത്സയും അതോടൊപ്പം തൈറോയിഡ്, ഹൃദയം, തലച്ചോറ്, കരൾ, വൃക്കകൾ, ശ്വാസകോശം തുടങ്ങിയ വിവിധ അവയവങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും രോഗ നിർണയത്തിനും ചികിത്സാ നിരീക്ഷണത്തിനും സാധിക്കും. ഡോക്ടർക്ക് തത്സമയം അവയവങ്ങളുടെ പ്രവർത്തനങ്ങൾ കണ്ട് രോഗനിർണയം നടത്തി റിപ്പോർട്ട് നൽകാൻ ഇതിലൂടെ സാധിക്കുന്നു. സ്വകാര്യ വൻകിട ആശുപത്രികളിലുള്ള ഈ സംവിധാനം കോഴിക്കോട് മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലുമാണ് സജ്ജമാക്കിയിരിക്കുന്നത്. ആർസിസിയിലും എംസിസിയിലും ഇത് സ്ഥാപിച്ചിട്ടുണ്ട്. ന്യൂക്ലിയർ മെഡിസിനിൽ പിജി കോഴ്സ് ആരംഭിച്ച് ചികിത്സ വിപുലപ്പെടുത്താനാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

സ്പെക്റ്റ് (സിംഗിൽ ഫോട്ടോൺ എമിഷൻ കമ്പ്യൂട്ടഡ് ട്രോമോഗ്രഫി), സിടി (കമ്പ്യൂട്ടഡ് ട്രോമോഗ്രഫി) എന്നീ രണ്ട് ഇമേജിംഗ് രീതികൾ സംയോജിപ്പിച്ചുള്ളതാണ് സ്പെക്റ്റ് സിടി സ്കാനർ. അൾട്രാസൗണ്ട് സ്കാൻ, എക്സ് റേ, സിടി സ്കാൻ, എംആർഐ സ്കാൻ എന്നിവ പ്രധാനമായും ശരീര ഘടന സംബന്ധിച്ച വിവരങ്ങൾ നൽകുമ്പോൾ ന്യൂക്ലിയർ മെഡിസിൻ സ്കാനുകൾ അവയവങ്ങളുടെ പ്രവർത്തനങ്ങളാണ് വിലയിരുത്തുന്നത്. സ്പെക്റ്റ് സിടി, പെറ്റ് സിടി എന്നീ ഉപകരണങ്ങൾ ശരീര ഘടനയും പ്രവർത്തനവും ഒരേ സമയം പഠിക്കുന്നതിന് സഹായിക്കുന്നു.

റേഡിയോ ആക്ടീവ് ട്രേസർ ഉപയോഗിച്ചാണ് സ്പെക്റ്റ് സിടി പ്രവർത്തിപ്പിക്കുക. വളരെ കുറഞ്ഞ അളവിലുള്ള റേഡിയേഷൻ ഉപയോഗിക്കുന്നതിനാൽ വികിരണം മൂലം കോശങ്ങൾക്ക് ഉണ്ടാകുന്ന തരാറുകൾക്കുള്ള സാധ്യത വളരെ കുറവാണ്. രോഗാധിക്യമുള്ള കോശങ്ങളിലേക്ക് ട്രേസർ ആഗിരണം ചെയ്യപ്പെടുകയും ഗാമ രശ്മികളെ പുറപ്പെടുവിക്കുകയും ചെയ്യുന്നു. സ്പെക്റ്റ് സ്കാനർ ഈ രശ്മികളെ ഡിറ്റക്റ്റ് ചെയ്യുകയും ത്രീഡി ഇമേജ് സൃഷ്ടിക്കുകയും ചെയ്യുന്നു. അതേസമയം സിടിയിലൂടെ എക്സ്റേ ഉപയോഗിച്ച് ശരീര കലകളുടെ ഘടന സംബന്ധിച്ച് വിശദമായ വിവരങ്ങൾ നൽകുകയും ചെയ്യുന്നു. രോഗാധിക്യമുള്ള അവയവങ്ങളെ കൃത്യമായി കണ്ടെത്താനും പരിശോധനാ ഫലങ്ങൾ വേഗത്തിൽ ലഭ്യമാക്കാനും കഴിയുന്നു.

കേരളത്തിൽ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾ, തലശ്ശേരി മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളിലാണ് സർക്കാർ മേഖലയിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗം പ്രവർത്തിക്കുന്നത്. രസതന്ത്രം, ഭൗതികശാസ്ത്രം, ഗണിതശാസ്ത്രം, കമ്പ്യൂട്ടർ സാങ്കേതികവിദ്യ, ഇമേജിംഗ്, വൈദ്യശാസ്ത്രം എന്നിങ്ങനെ വിവിധ ശാസ്ത്ര ശാഖകളുടെ ഒരു സംയോജനമാണ് ന്യൂക്ലിയർ മെഡിസിൻ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ ഒപി, തൈറോയ്ഡ് ക്ലിനിക് എന്നീ ഒപി വിഭാഗങ്ങളാണ് പ്രവർത്തിക്കുന്നത്. കാൻസറിനും, കാൻസർ ഇതര രോഗങ്ങൾക്കും ന്യൂക്ലിയർ മെഡിസിൻ ചികിത്സ ഫലപ്രദമാണ്. ചുറ്റുമുള്ള ശരീര കലകൾക്ക് ദോഷം ഉണ്ടാകാതെ കാൻസർ ബാധിച്ച കോശങ്ങളിൽ മാത്രം റേഡിയേഷൻ നൽകാൻ ന്യൂക്ലിയർ മെഡിസിൻ ചികിത്സയ്ക്ക് കഴിയും.

7.3 കോടി രൂപ ചെലവഴിച്ചുള്ള സ്പെക്റ്റ് സിടി സ്കാനറിന് പുറമേ 15 കോടി ചെലവഴിച്ച് പെറ്റ് സിടി (ജ്ഷ്ഠംഇം) സ്കാനർ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും 4 കോടി ചെലഴിച്ചുള്ള ന്യൂക്ലിയർ മെഡിസിൻ ഹൈഡോസ് തെറാപ്പി വാർഡ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. മെഡിക്കൽ കോളേജിൽ സ്പെക്റ്റ് സിടി സ്കാനർ സൗകര്യം ലഭ്യമാക്കുന്നതിലൂടെ രോഗികൾക്ക് ഏറ്റവും മികച്ച ആരോഗ്യ പരിചരണം നൽകുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുകയാണ്.

## സ്കൂൾ സ്കിൽ സെന്ററുകളിൽ ഒഴിവ്

**തിരുവനന്തപുരം:** സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി 202425 അധ്യയന വർഷം തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കുന്ന സ്കിൽ സെന്ററുകളിൽ ട്രെയിനർ, സ്കിൽ സെന്റർ അസിസ്റ്റന്റ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ കാര്യാലയം, സമഗ്രശിക്ഷാ കേരളം, ഗവ. ഗേൾസ് എച്ച്.എസ്. ചാല, തിരുവനന്തപുരം 695036 എന്ന വിലാസത്തിൽ ഡിസംബർ 20 വൈകിട്ട് 4 മണിക്ക് മുമ്പായി ലഭിക്കണം. വിശദവിവരങ്ങൾക്ക്:ഫോൺ: 04712455591.

## ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം

**തിരുവനന്തപുരം:** ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിങ് കേളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ കുക്ക്/ കിച്ചൺ ഹെൽപ്പറിന്റെ ഒഴിവുണ്ട്. എട്ടാം ക്ലാസ് പാസായിരിക്കണം. പ്രവൃത്തിപരിചയം അഭിലഷണീയം. 40 നും 60 നും ഇടയിൽ പ്രായമുള്ള വനിതാ ഉദ്യോഗാർഥികളുടെ വാക്ക്ഇൻ ഇന്റർവ്യൂ ഡിസംബർ 18 ന് രാവിലെ 10 മണിക്ക് കോളേജിൽ നടക്കും. താൽപര്യമുള്ള ഉദ്യാഗാർഥികൾ വയസ്, യോഗ്യത, പ്രവൃത്തി പരിചയം, സ്വഭാവ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെ അസൽ രേഖകൾ സഹിതം കോളേജ് ഓഫീസിൽ ഹാജരാകണം.



# ആഴക്കടൽ ഇന്ധന പര്യവേക്ഷണം: കൊല്ലത്ത് കടലിന്റെ അടിത്തട്ടിൽ കൃത്രിമ സ്ഫോടനം നടത്തും

**കൊല്ലം:** തീരത്ത് ആഴക്കടൽ ഇന്ധന പര്യവേക്ഷണത്തിനുള്ള നടപടികൾ തുടങ്ങുന്നു. കഴിഞ്ഞ ദിവസം തുറമുഖത്തെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തിയ ആര്യ ഓഫ്ഷോർ സർവീസസ് ലിമിറ്റഡ് പ്രതിനിധികൾ പൂർണ തൃപ്തി അറിയിച്ചു. രേഖാമൂലം വിവരങ്ങൾ കൈമാറാമെന്ന് പറഞ്ഞാണു മടങ്ങിയത്. എണ്ണ പര്യവേക്ഷണത്തിനു കരാർ എടുത്തിട്ടുള്ള ഡോൾഫിൻ ഡ്രില്ലിങ്ങിന്റെ ഉപകരാറുകാരാണ് ആര്യ ഓഫ്ഷോർ സർവീസസ്.ഏഴ് ഏക്കർ വിസ്തൃതിയുള്ള തുറസ്സായ യാഡ്, 42 ടൺ ശേഷിയുള്ള ക്രെയിൻ തുടങ്ങി എല്ലാ സൗകര്യങ്ങളും തുറമുഖത്ത് ലഭ്യമാണ്.

യാഡ് വിട്ടുനൽകുന്നതിനും മറ്റുമുള്ള കരാർ ഒപ്പു വയ്ക്കേണ്ടി വരും. തുറമുഖ വളപ്പിനു പുറത്ത് യാഡ് വേണമെന്ന് ഇതുവരെ കരാർ സ്ഥാപനം അറിയിച്ചിട്ടില്ല. ആൻഡമാനിൽ നിലവിൽ നടക്കുന്ന പര്യവേക്ഷണം 2025 ഓഗസ്റ്റിൽ പൂർത്തിയാകും. സെപ്റ്റംബറിൽ കൊല്ലത്ത് പര്യവേക്ഷണം ആരംഭിക്കാനാണ് നീക്കം.ആര്യ ഓഫ്ഷോർ സർവീസസ് എംഡി യാക്കൂബ്, ലൊക്കേഷൻ മാനേജർ പി.ബി.കൃഷ്ണകുമാർ, പോർട്ട് ഓപ്പറേഷൻസ് മാനേജർ കെ.അനൂപ് കൃഷ്ണൻ എന്നിവരാണ് എത്തിയത്. കൊല്ലം തുറമുഖ ഓഫിസർ ക്യാപ്റ്റൻ പി.കെ.അരുൺകുമാർ, പർസർ ആർ.സുനിൽ, മെക്കാനിക്കൽ എൻജിനീയറിങ് വർക്ഷോപ് ചുമതലയുള്ള അലക്സ് ജി.തോമസ് എന്നിവർ സൗകര്യങ്ങൾ വിശദീകരിച്ചു.

നങ്കൂരമോ മൂറിങ് ലൈനുകളോ ഉപയോഗിക്കാതെ, കംപ്യൂട്ടർ നിയന്ത്രിതമായി കപ്പലിനെ നിശ്ചലമാക്കി നിർത്തി ഡ്രില്ലിങ് നടത്തുന്ന ഡൈനാമിക് പൊസിഷനിങ് (ഡിപി) ഉൾപ്പെടെ അത്യാധുനിക മാർഗങ്ങളാണ് പര്യവേക്ഷണത്തിനുള്ള കപ്പലിൽ ഉപയോഗിക്കുന്നത്. കരയിലുള്ള സ്റ്റേഷനുമായി ബന്ധിപ്പിച്ചാണ് പ്രവർത്തനം. കപ്പലിലെ പ്രൊപ്പല്ലർ, ത്രസ്റ്റർ സംവിധാനങ്ങളിലൂടെയാണ് ഇതിന്റെ പ്രവർത്തനം.

മൂന്നു തരം ഡിപി സംവിധാനം ഉണ്ട്. ആദ്യ രണ്ടു സംവിധാനങ്ങളും പരാജയപ്പെട്ടാൽ ഡിപി3 ഉപയോഗിക്കും. കംപാർട്ടുമെന്റിലെ തീ പിടിത്തവും മറ്റും അതിജീവിക്കുന്ന തരത്തിലാണ് ഇതിന്റെ രൂപകൽപന. കപ്പലിന്റെ പകുതി ഭാഗം (20 മീറ്റർ) വെള്ളത്തിന് അടിയിലുള്ള സെമി സബ് മെഴ്സിബിൾ റിഗുകൾ, അടിത്തട്ടിൽ കാലുകൾ ഉറപ്പിച്ചു നിർത്തുന്ന ജാക്ക് അപ് റിഗുകൾ എന്നിവ ഉപയോഗിച്ചാണ് ഖനനം. 400 മീറ്ററിലധികം താഴ്ചയുള്ള സ്ഥലങ്ങളിലാണ് സെമി സബ് മെഴ്സിബിൾ റിഗ് ഉപയോഗിക്കുന്നത്. 300 മീറ്റർ വരെ താഴ്ചയുള്ള ജലത്തിലാണ് ജാക്അപ് റിഗ് ഉപയോഗിക്കുന്നത്.

കടലിന്റെ അടിത്തട്ടിൽ കൃത്രിമ സ്ഫോടനം നടത്തി ലഭിക്കുന്ന ഭൂകമ്പ തരംഗങ്ങൾ ഉപയോഗിച്ച് ഭൂപടം തയാറാക്കും. ഈ ഭൂപടം ഇന്ധന പ്രകൃതി വാതക മന്ത്രാലയത്തിന് കൈമാറി അനുമതി വാങ്ങിയാണ് ഖനന പ്രദേശം നിശ്ചയിക്കുന്നത്. സീസ്മോഗ്രാഫ് പോലുള്ള ഉപകരണങ്ങൾ സ്ഥാപിച്ചാണ് തരംഗം അളക്കുന്നത്. സീസ്മിക് സർവേയ്ക്ക് ശേഷമാണ് ജാക്ക് അപ്, സെമി സബ് മെഴ്സിബിൾ കപ്പൽ ഉപയോഗിച്ച് ഖനനം ആരംഭിക്കുന്നത്. അടിത്തട്ടിൽ നിന്നുള്ള എണ്ണയും വാതകവും വേർതിരിച്ചെടുക്കാൻ പ്ലാറ്റ് ഫോമും സജ്ജീകരിക്കും. കൊല്ലം തീരത്ത് ഇന്ധന ലഭ്യത ഉറപ്പായാൽ അത് ജില്ലയ്ക്കും സംസ്ഥാനത്തിനും മാത്രമല്ല, രാജ്യത്തിന് തന്നെ വലിയ നേട്ടമാകും.

# നദീബന്ധനം: പമ്പ്ഡ് സ്റ്റോറേജ് വഴി വൈദ്യുതിക്കും സാധ്യത

**പത്തനംതിട്ട:** പമ്പ , അച്ചൻകോവിൽ , വൈപ്പാർ നദീബന്ധനം നടപ്പാക്കിയാൽ 508 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്ന കണക്ക് കാണിച്ചും പദ്ധതിക്ക് അനുകൂല വികാരം സൃഷ്ടിക്കാൻ ശ്രമം. ഇതിനായി അച്ചൻകോവിൽ കല്ലാർ അണക്കെട്ടിന്റെ താഴെ പവർഹൗസ് സ്ഥാപിക്കണമെന്നാണ് പദ്ധതിയുടെ നടത്തിപ്പുകാരായ നാഷനൽ വാട്ടർ ഡവലപ്മെന്റ് ഏജൻസിയുടെ ശുപാർശ.



1114 ദശലക്ഷം യൂണിറ്റ് (എംയു) വൈദ്യുതി ഇതിലൂടെ ലഭ്യമാകും. 913 എംയു തമിഴ്നാടിനും 201 എംയു കേരളത്തിനും ലഭിക്കും. 100 മെഗാവാട്ട് വീതമുള്ള 5 ജനറേറ്റിങ് യൂണിറ്റുകൾ സ്ഥാപിക്കേണ്ടിവരും. വൈദ്യുതിക്ക് ഏറെ ആവശ്യമുള്ള വൈകുന്നേരത്തെ 6 മണിക്കൂർ പരമാവധി ഉൽപാദനം നടത്താമെന്നും ബാക്കി സമയത്ത് ഈ വെള്ളം തിരികെ ഡാമിലേക്കു പമ്പ് ചെയ്യാമെന്നും പ്രാഥമിക റിപ്പോർട്ടിൽ പറയുന്നു.

പമ്പ്ഡ് സ്റ്റോറേജ് രീതി ഇവിടെ അത്ര പ്രായോഗികമല്ലെന്ന് കേരളത്തിന്റെ സംസ്ഥാനാന്തര നദീജല സമിതിയിലെ വിദഗ്ധർ പറയുന്നു. 210 മീറ്റർ ഉയരമുള്ള അച്ചൻകോവിൽ കല്ലാർ റിസർവോയറിൽ 65 മീറ്റർ ഉയരത്തിലാവും ടണലിന്റെ അഗ്രഭാഗം. ഫലത്തിൽ 145 മീറ്റർ ഉയരം (ഹെഡ്) കിട്ടും. പുന്നമേട് ഡാമിൽനിന്ന് അച്ചൻകോവിൽ കല്ലാറിലേക്കുള്ള ഇൻലറ്റ് ടണൽ വരുന്ന ഭാഗത്ത് രണ്ടാം വൈദ്യുതിനിലയവും കേരളത്തിലേക്ക് അച്ചൻകോവിൽ നദി ഒഴുകുന്ന ദിശയിൽ അച്ചൻകോവിലാറിൽ പണിയുന്ന ഡാമിൽ മൂന്നാമത് ഒരു നിലയവും ഉൾപ്പെടെ വൻ ഊർജ ശൃംഖയാണ് കേന്ദ്ര ഏജൻസി ലക്ഷ്യമിട്ടിരിക്കുന്നത്.

അച്ചൻകോവിൽ കല്ലാർ ഡാമിൽ വൈദ്യുതി ഉൽപാദിപ്പിച്ച് തമിഴ്നാട് ഭാഗത്തേക്കു വിടുന്ന വെള്ളത്തിന്റെ ഒരു ഭാഗം നീരൊഴുക്കു കുറവുള്ള ഒക്ടോബർ,മേയ് മാസങ്ങളിൽ പമ്പ്ഡ് സ്റ്റോറേജ് സംവിധാനം വഴി പമ്പ് ചെയ്ത് തിരികെ അച്ചൻകോവിൽ അണക്കെട്ടിൽ എത്തിക്കണമെന്നും പദ്ധതി രേഖ നിർദേശിക്കുന്നു.1990 കളിലെ ഡേറ്റയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ശുപാർശകളെല്ലാം. നിബിഡ വനങ്ങൾ നശിക്കുന്നതിന് പദ്ധതി കാരണമാകുമെന്ന കാര്യവും ഏജൻസി മറച്ചുവയ്ക്കുന്നു. 1114 ദശലക്ഷം യൂണിറ്റ് (എംയു) വൈദ്യുതി ലഭ്യമാകുമെന്നും ഇതിൽ 913 എംയു തമിഴ്നാടിനും 201 എംയു കേരളത്തിനുമെന്നും ശുപാർശയിൽ പറയുന്നു.

# കോട്ടയത്ത് ആഫ്രിക്കൻ പന്നിപ്പനി

**കോട്ടയം:** ജില്ലയിലെ രണ്ടു പഞ്ചായത്തുകളിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. കൂട്ടിക്കൽ, വാഴൂർ പഞ്ചായത്തുകളിലാണ് ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചത്. രോഗം സ്ഥിരീകരിച്ച ഫാമുകളുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ രോഗബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ മാനന്തവാടി മുൻസിപ്പാലിറ്റിയിലും തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലും 2022ൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചിരുന്നു. വൈകാതെ ജില്ലയിലെ തന്നെ നെന്മേനി ഗ്രാമപഞ്ചായത്തിലും കണ്ണൂർ ജില്ലയിലെ കാണിച്ചാർ ഗ്രാമപഞ്ചായത്തിലും രോഗം സ്ഥിരീകരിച്ചു. രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പന്നിഫാമുകളിലെ പന്നികളെ നശിപ്പിക്കുകയും പ്രഭവകേന്ദ്രത്തിനു പുറത്ത് പത്ത് കിലോമീറ്റർ ചുറ്റളവിലെ പന്നി ഫാമുകളിൽ രോഗനിരീക്ഷണം നടത്തിയുമാണ് അന്ന് രോഗത്തിന്റെ വ്യാപനത്തെ മൃഗസംരക്ഷണ വകുപ്പ് തടഞ്ഞുനിർത്തിയത്. ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചതിന് പിന്നാലെ വയനാട് ജില്ലയിൽ 702 പന്നികളെയും കണ്ണൂർ ജില്ലയിൽ 247 പന്നികളെയും കൊന്നിരുന്നു.

2022ൽ ഇന്ത്യയിലെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും ബിഹാറിലും ആഫ്രിക്കൻ സ്വൈൻ ഫീവർ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്തിന് അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള പന്നികൾ, പന്നി മാംസം, പന്നി കാഷ്ഠം, തീറ്റ എന്നിവയുടെ നീക്കം നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിരുന്നു.

# സർട്ടിഫിക്കറ്റ് ഹാജരാക്കണം

**കണ്ണൂർ:** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിധവ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന 60 വയസ്സിൽ താഴെയുള്ള ഗുണഭോക്താക്കൾ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന ഗസറ്റഡ് ഓഫീസർ അല്ലെങ്കിൽ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റും ആധാർ കാർഡിന്റെ പകർപ്പും ഡിസംബർ 28നകം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസുകളിലോ, കണ്ണൂർ മേഖലാ കാര്യാലയത്തിലോ സമർപ്പിക്കണം. സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവർക്ക് വിധവാ പെൻഷൻ തുടർന്ന് ലഭിക്കുന്നതല്ലെന്ന് കണ്ണൂർ റീജിയണൽ എക്സിക്യൂട്ടീവ് ഇൻചാർജ്ജ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് മത്സ്യബോർഡ് കണ്ണൂർ മേഖലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ 0497 2734587.

## കണ്ടൽക്കാടുകളും തണ്ണീർത്തടവും നികത്തൽ;

# മണ്ണ് നീക്കാൻ ആർഡിഒ നടപടിയെടുക്കാൻ മന്ത്രിയുടെ ഉത്തരവ്

**കണ്ണൂർ:** തളിപ്പറമ്പ കുറ്റിക്കോലിൽ കണ്ടൽക്കാടുകളും തണ്ണീർത്തടവും നികത്തിയെന്ന പരാതിയിൽ, അനധികൃതമായാണ് മണ്ണിട്ട് നികത്തിയതെങ്കിൽ മണ്ണ് നീക്കാനുള്ള നടപടി തളിപ്പറമ്പ് ആർഡിഒ സ്വീകരിച്ച് ചെലവ് വസ്തു ഉടമയിൽനിന്ന് വസൂലാക്കാൻ കരുതലും കൈത്താങ്ങും തളിപ്പറമ്പ് താലൂക്ക് അദാലത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉത്തരവിട്ടു. സ്വാഭാവികമായ നീരൊഴുക്ക് തടസ്സപ്പെടുന്ന രീതിയിലാണ് മണ്ണിട്ട് നികത്തിയതെങ്കിൽ നീരൊഴുക്ക് തടസ്സപ്പെടാത്ത രീതിയിൽ മണ്ണ് നീക്കി ചെലവ് വസ്തു ഉടമയിൽനിന്ന് ഈടാക്കണം. കണ്ടൽക്കാട് ഉൾപ്പെടുന്ന വസ്തു ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഉൾപ്പെടുത്താനുള്ള നടപടി കൃഷി ഓഫീസർ സ്വീകരിക്കണം. നേരത്തെ നടത്തിയ അദാലത്തിന്റെ സമയത്ത് മണ്ണിട്ട് നികത്തിയിട്ടില്ലെന്ന് അറിയുന്നു. പിന്നീടാണ് മണ്ണിട്ടതെങ്കിൽ അതിന്റെ ഉത്തരവ് പുനഃപരിശോധിച്ച് നിയമപരമായിട്ടാണോ അനുവദിച്ചത് എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാനും ഉത്തരവിൽ വ്യക്തമാക്കി.

തളിപ്പറമ്പ കുറ്റിക്കോലിൽ പുഷ്പാംഗദന്റെ പേരിലും അടുത്ത കാലത്ത് അദ്ദേഹം കൈമാറിയ നിലം എന്ന തരത്തിൽ ഉൾപ്പെട്ട 1.38 ഏക്കർ വരുന്ന കണ്ടൽക്കാടുകളിലും തണ്ണീർത്തടത്തിലും മണ്ണിട്ടുയർത്തിയത് സംബന്ധിച്ച് കെഎസ്കെടിയു തളിപ്പറമ്പ സൗത്ത് വില്ലേജ് സെക്രട്ടറി സി.വി. ഗിരീശൻ സമർപ്പിച്ച പരാതിയിലാണ് നടപടി.കുറ്റിക്കോൽ പുഴയുടെ കരയിൽ സർവേ നമ്പർ 38/207ൽ ഈ അടുത്ത കാലത്ത് പുഷ്പാംഗദൻ കൈമാറിയ വസ്തുവിൽവ്യാപകമായി കെട്ടിട അവശിഷ്ടങ്ങളും പാറക്കല്ലുകളും കൊണ്ട് രണ്ട് മീറ്ററോളം ഉയരത്തിൽ ഉയർത്തിയതായി പരാതിയിൽ പറഞ്ഞു. ഈ പ്രദേശം മണ്ണിട്ടുയർത്തിയാൽ മറുഭാഗത്തുള്ള മഴവെള്ളം ഒഴിഞ്ഞു പോകാൻ കഴിയില്ല. അതു മൂലം ഗുരുതരമായ രീതിയിൽ വെള്ളം കെട്ടിക്കിടന്ന് പരിസ്ഥിതി പ്രശ്നങ്ങളും കൃഷി ചെയ്യാൻ പറ്റാത്ത സാഹചര്യവും ഉണ്ടാവുമെന്നും പരാതിയിൽ പറഞ്ഞു.




# രാജ്യാന്തര ചലച്ചിത്ര മേളയ്ക്കു തിരിതെളിഞ്ഞു

**തിരുവനന്തപുരം:** സിനിമാരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകൾക്ക് അന്തസോടെ അവരുടെ പ്രതിഭ തെളിയിക്കാനുള്ള അവസരം ഒരുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 29ാമത് രാജ്യാന്തര ചലച്ചിത്ര മേള (ഐഎഫ്എഫ്കെ) നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ലോകത്തെ തന്നെ ഏറ്റവും മികച്ച രാഷ്ട്രീയ ഉള്ളടക്കമുള്ള മേളയായി ഐഎഫ്എഫ്കെ മാറുന്നുവെന്നത് ഏറെ സന്തോഷകരമാണ്. കോർപ്പറേറ്റ് താൽപര്യങ്ങൾക്കനുസരിച്ച് സിനിമകൾ തയാറാക്കേണ്ടിവരുന്നുവെന്ന വിഷയം ഗൗരവത്തോടെ കാണണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

"മേളയിലെ ചർച്ചകളും സംവാദങ്ങളും പുരോഗമനസ്വഭാവമുള്ളതാണ്. സമൂഹത്തിന്റെ നേർപ്രതിഫലനമാണ് പലപ്പോഴും സിനിമയിൽ ഉണ്ടാകുന്നത്. കഴിഞ്ഞ ചലച്ചിത്ര മേളയിൽ പലസ്തീൻ ഐക്യദാർഢ്യ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്നു. ആ രാജ്യത്തെ അവസ്ഥ ഇപ്പോൾ കൂടുതൽ മോശമാണ്. ആഭ്യന്തര യുദ്ധവും കുടിയിറക്കലും പ്രമേയമായ അർമേനിയൻ സിനിമയാണ് ഇക്കുറി പ്രദർശിപ്പിക്കുന്നത്. അടിച്ചമർത്തപ്പെടുന്നവരുടെ ഒപ്പംനിന്ന് അവരുടെ ജീവിതാവസ്ഥകൾ ലോകത്തിനു മുന്നിൽ എത്തിക്കാനാണ് ചലച്ചിത്രമേളയിലൂടെ ശ്രമിക്കുന്നത്." മുഖ്യമന്ത്രി പറഞ്ഞു.

മുണ്ടക്കൈയിലും ചൂരൽമലയിലും ഉണ്ടായ ദുരന്തത്തിന് ധനസഹായം നൽകാത്തതിന് കേന്ദ്രസർക്കാരിനെ വിമർശിച്ചും പ്രതിഷേധം അറിയിച്ചുമാണ് ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ പ്രസംഗിച്ചത്.

ഡിസംബർ 20 വരെ 15 തിയറ്ററുകളിലായി 68 രാജ്യങ്ങളിൽനിന്നുള്ള 177 സിനിമകൾ പ്രദർശിപ്പിക്കും. 13,000 ഡെലിഗേറ്റുകളും നൂറോളം ചലച്ചിത്രപ്രവർത്തകരും മേളയിലെത്തും. ചടങ്ങിൽ വച്ച് ഹോങ്കോങ്ങിൽ നിന്നുള്ള പ്രശസ്ത സംവിധായിക ആൻ ഹുയിക്ക് ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം മുഖ്യമന്ത്രി സമ്മാനിച്ചു. 10 ലക്ഷം രൂപയും പ്രശസ്തിപത്രവും ആണ് പുരസ്കാരം. മുഖ്യാതിഥിയായിരുന്ന ശബാന ആസ്മിയെയും മുഖ്യമന്ത്രി ആദരിച്ചു.

സാംസ്കാരിക മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി വി.ശിവൻകുട്ടി, മന്ത്രി ജി.ആർ.അനിൽ, വി.കെ. പ്രശാന്ത് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ.എസ്.അയ്യർ, ചലച്ചിത്ര വികസന കോർപ്പറേഷൻ ഷാജി.എൻ.കരുൺ, നടൻ മധുപാൽ തുടങ്ങിയവരും പങ്കെടുത്തു.



# സെന്റ് തോമസ് കോളജിൽ ദേശീയ സെമിനാറും ഗുരുവന്ദനവും

**തൃശൂർ:** സെൻറ് തോമസ് കോളജിൽ സുവോളജി ഗവേഷണകേന്ദ്രത്തിൻറെ സുവർണ ജൂബിലിയോടനുബന്ധിച്ചു സംഘടിപ്പിച്ച ദേശീയ സെമിനാറും ഗുരുവന്ദനവും പൂർവ വിദ്യാർഥിയും കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായ പ്രഫ. കെ.എസ്. അനിൽ ഉദ്ഘാടനം ചെയ്തു. ജന്തുശാസ്ത്ര വകുപ്പ് മേധാവിയും കൺവീനറുമായ പ്രഫ.ഡോ. സി.എഫ്. ബിനോയ്, കാലിക്കട്ട് യൂണിവേഴ്സിറ്റി മുൻ പ്രോ വൈസ് ചാൻസലർ പ്രഫ. എം. നാസർ മുഖ്യപ്രഭാഷണം നടത്തി. സെൻറ് തോമസ് കോളജ് പ്രിൻസിപ്പൽ ഫാ. കെ.എ. മാർട്ടിൻ അധ്യക്ഷത വഹിച്ചു.

വിരമിച്ച മുൻഅധ്യാപകരായ പ്രഫ. എം.ടി. ജോയി, പ്രഫ. കെ.ടി. ജോർജ്, ഡോ. സി.സി. ജോൺ, ഡോ. പി.ടി.സി. പൊന്നച്ചൻ, ഡോ. ബ്രിട്ടോ ജോസഫ്, ഡോ. സി.വി. ഡേവിഡ് എന്നിവർക്ക് ഉപഹാരങ്ങൾ നൽകി. സുവോളജി പഠന വകുപ്പിലെ ഗവേഷണ ഗൈഡുകളായ പ്രഫ. സി.എഫ്. ബിനോയ്, ഡോ. വിമല കെ.ജോൺ, ഡോ. ജോയ്സ് ജോസ് എന്നിവരെയും ഡോക്ടറേറ്റ് നേടിയ വിദ്യാർഥികളെയും ആദരിച്ചു.

പ്രഫ. എം. നാസർ, ഡോ. ആർ. സുരേഷ് കുമാർ, ഡോ. കലേഷ് സദാശിവൻ, ഡോ. അച്യുതൻ സി. രാഘവ മേനോൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ബെസ്റ്റ് പേപ്പർ പ്രസൻറേഷൻ അവാർഡുകൾക്കു കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽനിന്നുള്ള കെൽവിൻ ജോയ്, സോണ ഘോഷ്, വിഴിഞ്ഞം സിഎംഎഫ്ആർഐയിൽ നിന്നുള്ള മനോജ്കുമാർ എന്നിവർ അർഹരായി. പൂർവവിദ്യാർഥി സംഘടന പ്രസിഡൻറ് സി.എ. ഫ്രാൻസിസ്, സുവോളജി പൂർവ വിദ്യാർഥി സംഘടന പ്രസിഡ ൻറ് എം.എസ്. ശശി എന്നിവർ പ്രസംഗിച്ചു.

# അഗ്രി ബിസിനസ് എക്സ്പോ ആരംഭിച്ചു

**ചാലക്കുടി:** മൂന്നു ദിവസം നീണ്ടുനില്ക്കുന്ന ചാലക്കുടി അഗ്രി ബിസിനസ് എക്സ്പൊ ആരംഭിച്ചു. കൃഷി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു.

ഉത്പന്നത്തിന് വില നിശ്ചയിക്കാൻ അവകാശമില്ലാത്തത് ഒരു കൂട്ടർക്ക് മാത്രമാണെന്നും അവരുടെ പേരാണ് കർഷകനെന്നും ഉത്പന്നത്തിന് വില നിശ്ചയിക്കാൻ കർഷകന് അവകാശമില്ലെന്നും മന്ത്രി പറഞ്ഞു.

ഇതിന് പരിഹാരമായി കർഷകൻ മൂല്യ വർധിത ഉല്പന്നം ഉണ്ടാക്കി വില്ക്കണമെന്നും മന്ത്രി പറഞ്ഞു.

സനീഷ് കുമാർ ജോസഫ് എംഎൽഎ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ എം.പി. അനൂപ് പദ്ധതി വിശദീകരണം നടത്തി.

ഡോ. പോൾ തോമസ്, നഗരസഭ ചെയർമാൻ എബി ജോർജ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് വേണു കണ്ഠരുമഠത്തിൽ, പഞ്ചായത്ത് പ്രസിഡൻറുമാരായ പ്രിൻസി ഫ്രാൻസിസ്, മായ ശിവദാസൻ, ജില്ലാ പഞ്ചായത്ത് അംഗം ലീല സുബ്രഹ്മണ്യൻ, നഗരസഭ അംഗം വി.ഒ. പൈലപ്പൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം പി.കെ. ജേക്കബ്, ബിജു ചിറയത്ത്, എം.എം.അനിൽകുമാർ, സി.എസ്. സുരേഷ്, എൻ.ഷീല, പി. രാജി തുടങ്ങിയവർ പ്രസംഗിച്ചു.

# രാസവളം ക്ഷാമം രൂക്ഷം; കർഷകർ ആശങ്കയിൽ

**നെന്മാറ:** നെൽകൃഷി മേഖലയിൽ ആശങ്ക ഉയർത്തി രാസവള ക്ഷാമം രൂക്ഷം. യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ് തുടങ്ങിയ വളങ്ങളാണ് വിപണിയിൽ ലഭ്യമല്ലാതായത്. കാർഷിക സഹകരണ സംഘങ്ങളിലും രാസവളം ഇല്ലാതായി. ഇനി എന്ന് സ്റ്റോക്കുവരും എന്നുപോലും വളംവിൽക്കുന്ന സഹകരണ സംഘങ്ങൾക്ക് പറയാൻ കഴിയുന്നില്ല.

വല്ലങ്ങി വിത്തനശ്ശേരി സർവീസ് സഹകരണ ബാങ്ക്, അയിലൂർ സർവീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ രണ്ടാംവിളയ്ക്ക് ആവശ്യമായ അടിവളങ്ങളുടെ കുറവ് കൃഷിയെ ബാധിക്കുന്നതായി കർഷകർ പരാതിപ്പെടുന്നു.

രാസവളക്ഷാമം രൂക്ഷമായതോടെ അപൂർവമായി സ്റ്റോക്കുള്ള ചില സ്വകാര്യ വളംവിതരണ കച്ചവടക്കാർ അമ്പതുരൂപ അധിക വിലയ്ക്ക് വളം കരിഞ്ചന്തയിൽ വിൽക്കുന്നതായി കർഷകർ പരാതിപ്പെട്ടു. ദൂരദിക്കിലുള്ള ഏജൻറുമാരിൽനിന്നും വളം കൊണ്ടുവരുന്നതിനാലാണ് കയറ്റിറക്ക് കൈകാര്യം ചിലവെന്ന നിലയിൽ 50 രൂപ അധികം ഈടാക്കുന്നതെന്നാണ് വ്യാപാരികളുടെ ഭാഷ്യം.

മിക്ക കൃഷിയിടങ്ങളിലും നടീൽ കഴിഞ്ഞ് രണ്ടു മുതൽ മൂന്നാഴ്ചയായിട്ടും അടിവളം ചേർക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിവകുപ്പ്, സഹകരണ സംഘങ്ങൾ എന്നിവ ഉണർന്നു പ്രവർത്തിച്ച് ദിവസങ്ങൾക്കകം വളം ലഭ്യമാക്കിയില്ലെങ്കിൽ കൃഷിയുത്പാദനം കുറയാൻ ഇടയാക്കുമെന്നാണ് കർഷകർ ചൂണ്ടിക്കാണിക്കുന്നത്.

# സ്ട്രേ വേക്കൻസി: ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം

**തിരുവനന്തപുരം:**202425 അധ്യയന വർഷത്തെ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തും. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി ഡിസംബർ 15ന് രാത്രി 11.59 വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഡിസംബർ 10, 2024 ലെ വിജ്ഞാപന പ്രകാരം/മുൻ വിജ്ഞാപനങ്ങൾ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും ആയുഷ് കോഴ്സുകൾക്കുള്ള ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. എന്നിരുന്നാലും പുതുക്കിയ കേരള സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളെ മാത്രമേ അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ.

ഓൺലൈൻ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'tSray Vacancy Option Registration' എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും, കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

വിശദമായ വിജ്ഞാപനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് കാണുക. ഫോൺ: 0471 2525300

# എച്ച്സിഎൽ ടെക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

**കൊച്ചി:** ലീഡിംഗ് ഗ്ലോബൽ ടെക്നോളജി കമ്പനിയായ എച്ച്സിഎൽ ടെക്ക് ടെക്ബീ പ്രോഗ്രാമിലേക്ക് അപേക്ഷകൾ ക്ഷണിച്ചു., ക്ലാസ് 12 കഴിയുമ്പോൾ വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ ആരംഭിക്കാൻ അത് അവസരമൊരുക്കുന്നു. ഈ പ്രോഗ്രാമിൽ ഇന്ത്യയിലെമ്പാടുമുള്ള വിദ്യാർത്ഥികൾക്ക് ചേരാം.

തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് എച്ച്സിഎൽ ടെക്കിൽ 12 മാസത്തെ പരിശീലനം ലഭിക്കും. അത് വിജയകരമായി പൂർത്തിയാക്കിയാൽ, അവർക്ക് കമ്പനി ഫുൾ ടൈം ജോലി നൽകും, മാത്രമല്ല, അവർക്ക് ബിറ്റ്സ് പിളനി, ഐഐടി കോട്ടയം, ശാസ്ത്ര സർവകലാശാല, അമിറ്റി യൂണിവേഴ്സിറ്റി ഓൺലൈൻ തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങളിൽ നിന്ന് ഉന്നത പഠനം പാർട്ട് ടൈമായി നടത്തുകയും ചെയ്യാം.

# ജില്ലാതല കേരളോത്സവം 20 മുതൽ

**കൊച്ചി:**കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡും എറണാകുളം ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പിക്കുന്ന ജില്ലാതല കേരളോത്സവം ഡിസംബർ 19 നു വിളംബര റാലിയോടെ ആരംഭിച്ച് 30 നു സമാപിക്കും. കലാ മത്സരങ്ങൾ ജില്ലാ പഞ്ചായത്തിലെ വിവിധ വേദികളിൽ 20,21,22 തിയതികളിൽ നടക്കും. കായിക മത്സരങ്ങൾ 22 മുതൽ 29 വരെ ജില്ലയിലെ വിവിധ പ്രദേശങ്ങളിലായാണ് നടക്കുക .വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ,മുനിസിപ്പാലിറ്റികൾ , കോർപറേഷൻ തലങ്ങളിൽ നിന്നും വിജയിച്ച പ്രതിഭകളാണ് ജില്ലാ തലത്തിൽ മാറ്റുരയ്ക്കുന്നത്. ദേശീയ യുവോത്സവ ഇനങ്ങളായ വായ്പ്പാട്ട് (ക്ലാസിക്കൽ ഹിന്ദുസ്ഥാനി ), മണിപൂരി, കഥക്, ഒഡീസി, സിത്താർ, വീണ, ഗിത്താർ, ഹാർമോണിയം (ലൈറ്റ് ), ഫ്ലൂട്ട്, സ്റ്റോറി റൈറ്റിങ് (ഇംഗ്ലീഷ് /ഹിന്ദി ) എന്നീ ഇനങ്ങൾ ജില്ലാ തലത്തിൽ ഓൺലൈൻ മുഖാന്തിരം നേരിട്ട് എൻട്രികൾ സ്വീകരിച്ചാണ് മത്സരം നടത്തുന്നത്.

# ലോ കോളേജിൽ സീറ്റ് ഒഴിവ്

**കൊച്ചി:**തൃക്കാക്കര കെ.എം.എം ലോ കോളേജിൽ പഞ്ചവത്സര എൽഎൽബി, ത്രിവത്സര എൽഎൽബി കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ടെന്ന് ചെയർമാൻ എ.എം.അബുബക്കർ അറിയിച്ചു. പഞ്ചവത്സര എൽഎൽബിക്ക് പ്ലസ്ടുവിന് 50 ശതമാനം മാർക്കും, ത്രിവത്സര എൽ.എൽ.ബിക്ക് 50 ശതമാനം മാർക്കോടെ ബിരുദവുമാണ് അടിസ്ഥാന യോഗ്യത. കോഴ്സുകൾക്ക് പ്രായപരിധി ബാധകമല്ല. കോഴ്സുകൾക്ക് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവും, എംജി സർവ്വകലാശാല അഫിലിയേഷനും ഉണ്ടെന്നും ചെയർമാൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04842577707, 7403377786, 9895545924 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# കേരള സംസ്ഥാന യുവജന കമ്മീഷൻ പ്രസംഗമത്സരം സംഘടിപ്പിക്കുന്നു

**കൊച്ചി:** ദേശീയ യുവജന ദിനാഘോഷത്തോടനുബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങൾക്കായി പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു.

2024 ഡിസംബർ മാസം അവസാനം കോഴിക്കോട് വെച്ചാണ് മത്സരം സംഘടിപ്പിക്കുന്നത്. വിജയികൾക്ക് ഒന്നാം സ്ഥാനത്തിന് 15,000 രൂപയും രണ്ടാം സ്ഥാനത്തിന് 10,000 രൂപയും മൂന്നാം സ്ഥാനത്തിന് 5,000 രൂപയും ഇ.എം.എസ് സ്മാരക ട്രോഫിയും യുവജനദിനാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും. 5 മിനിറ്റാണ് സമയം ലഭിക്കുക. വിഷയം 5 മിനിറ്റ് മുൻപ് നൽകും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾ ഫോട്ടോ ഉൾപ്പെടെ വിശദമായ ബയോഡേറ്റ official.skyc@gmail.com എന്ന മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം 33), നേരിട്ടോ നൽകാവുന്നതാണ്.

അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 20. കൂടുതൽ വിവരങ്ങൾക്ക് കമ്മീഷനുമായി ബന്ധപ്പെടുക (ഫോൺ, 8086987262, 04712308630).

# സെയിൽസ് അസിസ്റ്റന്റ് നിയമനം

**മലപ്പുറം:** പറവണ്ണ മത്സ്യഫെഡ് ഫ്യുവൽസ് എന്ന സ്ഥാപനത്തിലേയ്ക്ക് ദിവസ വേതന അടിസ്ഥാനത്തിൽ സെയിൽസ് അസിസ്റ്റന്റിനെ നിയമിക്കുതിന്റെ പാനൽ തയ്യാറാക്കുതിനായി 10 ാം ക്ളാസ്സ് പാസ്സായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പെട്രോൾ/ഡീസൽ ബങ്കുകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗനണ. വെള്ളക്കേടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ ഡിസംബർ 21 നകം ജില്ലാ മാനേജർ, മത്സ്യഫെഡ് , കെ.ജി. പടി, തിരൂർ, മലപ്പുറം എന്ന വിലാസത്തിൽ ലഭിക്കണം.




ഓർത്തഡോക്സ് യാക്കോബായ തർക്കം പരിഹരിക്കാൻ ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് മുൻകൈ എടുക്കുമെന്ന് ഐ.സി.എം ട്രസ്റ്റി കെ.എസ് വിനോദ്, ദേശീയപ്രസിഡന്റ് ഡോ. ജോൺ ജോസഫ് ഐ.ആർ.എസ്, ജനറൽ സെക്രട്ടറി അഡ്വ. കെ.വി സാബു, കേരള സെക്ടർ പ്രസിഡന്റ് ആന്റൺ ഐസക് എന്നിവർ എറണാകുളം പ്രസ്ക്ലബ്ബിൽ വാർത്താ സമ്മേളനം നടത്തി പ്രഖ്യാപിച്ചപ്പോൾ

# ഓർത്തഡോക്സ്യാക്കോബായ തർക്കം പരിഹരിക്കാൻ മുൻകൈ എടുക്കും: ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ്

## ■ ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് തയ്യാറാക്കിയിരിക്കുന്ന ടേംസ് ഓഫ് റഫറൻസ് ഇരു സഭാ നേതൃത്വത്തിനും ഉടൻ സമർപ്പിക്കും

**കൊച്ചി :** ഓർത്തഡോക്സ് യാക്കോബായ തർക്കം പരിഹരിക്കാൻ ഇന്ത്യൻ ക്രിസ് ത്യൻ മൂവ്മെന്റ് (ഐ.സി.എം)മുൻ കൈ എടുക്കുമെന്ന് ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് ദേശീയപ്രസിഡന്റ് ഡോ. ജോൺ ജോസഫ് ഐ.ആർ.എസ്, ജനറൽ സെക്രട്ടറി അഡ്വ. കെ.വി സാബു എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഓർത്തഡോക്സ്, യാക്കോബായ സഭകൾ സിറിയൻ പാരമ്പര്യം ഉൾക്കൊണ്ട് ആരാധന നടത്തുന്ന വിശ്വാസികളും സഹോദരങ്ങളുമാണ്. ഇരു സഭകളും തമ്മിലുള്ള തർക്കത്തിന്റെ പ്രധാനകാരണം സ്വത്ത് സംബന്ധമാണ്. മലങ്കര സഭയുടെ സ്വത്തുക്കളും ദേവാലയങ്ങളും ആര്, എങ്ങനെ ഭരിക്കണമെന്നുള്ളതാണ് തർക്കം.മലങ്കര സഭയിലെ സ്വത്തുക്കളും പള്ളികളും ഭരിക്കപ്പെടേണ്ടത് 1943 ലെ സഭാഭരണഘടന അനുസരിച്ചാണെന്നാണ് സുപ്രിം കോടതിയുടെ വിധിയിൽ വ്യക്തമാക്കുന്നത്. 1934 ലെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളത് സഭയുടെ ആത്മീയ മേലധ്യക്ഷൻ ഇഗ്നാത്തിയോസ് നാമധേയത്തിൽ അന്ത്യോഖ്യൻ പാത്രീയാർക്കീസ് ആയിരിക്കുമെന്നാണ്.ഇത് ഇരുസഭകളിലെയും പുരോഹിത ശ്രേഷ്ഠന്മാർ അംഗീകരിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ തർക്കം ആപേക്ഷികമാണെന്നും ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് നേതാക്കൾ വ്യക്തമാക്കി.ഇരു സഭകളുടെയും വിശ്വാസപരമായ മുടക്കുകളാണ് ഐക്യത്തിന് വിഘാതമായി നിൽക്കുന്നത്. ഈ സാഹചര്യത്തിൽ ക്രിസ്തുവിന്റെ ദർശനം ഉൾക്കൊണ്ട് വ്യവഹാരവും തർക്കവും അവസാനിപ്പിച്ച് പ്രശ്നം രമ്യമായി പരിഹരിക്കാൻ സഭാ നേതൃത്വം തയ്യാറകണമെന്നും ഇവർ ആവശ്യപ്പെട്ടു. ഐ.സി.എമ്മിന് യാതൊരു വിധ രാഷ്ട്രീയ താൽപ്പര്യവുമില്ല. മറിച്ച് പ്രശ്നം പരിഹരിക്കപ്പെടണമെന്നു മാത്രമാണ് ലക്ഷ്യമുള്ളത്.തർക്ക പരിഹാരത്തിനായി ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് തയ്യാറാക്കിയിരിക്കുന്ന ടേംസ് ഓഫ് റഫറൻസ് ഇരു സഭാ നേതൃത്വത്തിനും ഉടൻ സമർപ്പിക്കും.

പ്രശ്ന പരിഹാരത്തിനായി മുഖ്യമന്ത്രിയുടെയോ പ്രധാനമന്ത്രിയുടെയോ സാന്നിധ്യം അനിവാര്യമാണെങ്കിൽ അതിനും ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് മുൻകൈ എടുക്കുമെന്നും ഐ.സി.എം നേതാക്കൾ വ്യക്തമാക്കി. ഐ.സി.എം ട്രസ്റ്റി കെ.എസ് വിനോദ്, കേരള സെക്ടർ പ്രസിഡന്റ് ആന്റൺ ഐസക് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ചികിത്സാ ചെലവ് നിഷേധിച്ച ഇൻഷുറൻസ് കമ്പനി ചികിത്സാ ചെലവും നഷ്ടപരിഹാരവും നൽകണമെന്ന് ഉപഭോക്തൃ കമ്മീഷൻ

**മലപ്പുറം:** വിരമിച്ച സൈനികന് ചികിത്സാ ചെലവ് നിഷേധിച്ച ഇൻഷുറൻസ് കമ്പനി ഇൻഷുറൻസ് തുകയായ 5 ലക്ഷവും നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകണമെന്ന് ജില്ലാ ഉപഭോക്തൃകമ്മീഷൻ വിധിച്ചു. മഞ്ചേരി വലിയട്ടി പറമ്പ് സ്വദേശി ചുണ്ടയിൽ വിവേക് സമർപ്പിച്ച പരാതിയിലാണ് കമ്മീഷന്റെ വിധി. പരാതിക്കാരൻ 20 വർഷത്തെ സൈനിക സേവനത്തിന് ശേഷം 2022 ലാണ് റിട്ടയർ ചെയ്തത്. ഡൽഹിയിൽ സൈനിക വിദ്യാലയത്തിൽ എൽ.കെ.ജിയിൽ പഠിക്കുന്ന കുട്ടിയുടെ വിദ്യാഭ്യാസ ആവശ്യത്തിന് ഒരു വർഷം കൂടി സൈനിക ക്വാർട്ടേഴ്സിൽ താമസിക്കാൻ അനുമതി വാങ്ങിയിരുന്നു. അതിനിടെയാണ് കെയർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുടെ ആരോഗ്യ പോളിസി എടുത്തത്. രാജ്യത്തുടനീളം പ്രധാന ആശുപത്രികളിൽ ചികിത്സാ സൗകര്യം ലഭിക്കുമെന്ന് മനസ്സിലാക്കിയാണ് ആരോഗ്യ ഇൻഷുറൻസ് പോളിസി എടുത്തത്. 2023 ഫെബ്രുവരി 25ന് പരാതിക്കാരൻ ഡൽഹിയിലെ സൈനിക ക്വാർട്ടേഴ്സിൽ ജോലി ചെയ്തുകൊണ്ടിരിക്കെ പ്ലാസ്റ്റിക് കസേരയിൽ നിന്ന് താഴെ വീണ് വലത് കൈക്ക് ഗുരുതരമായി പരിക്കുപറ്റി.ഡൽഹിയിലെ ഗംഗാറാം ആശുപത്രി ഉൾപ്പെടെ വിവിധ ആശുപത്രികളിൽ ചികിത്സയ്ക്ക് വിധേയമായതിന്റെ ചെലവായി 5,72,308 രൂപ അനുവദിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ട് ഇൻഷുറൻസ് കമ്പനിയെ സമീപിച്ചപ്പോഴാണ് ആനുകൂല്യം നിഷേധിച്ചത്. ഇൻഷുറൻസ് പോളിസിയിലെ മേൽവിലാസവും അപേക്ഷയിലെ വിലാസവും വ്യത്യസ്തമാണെന്നും പോളിസി എടുത്തപ്പോൾ എല്ലാ രോഗം വിവരങ്ങളും അപേക്ഷയിൽ പറഞ്ഞില്ലെന്നും ഡൽഹിയിലെ വിലാസത്തിൽ പോളിസി എടുക്കുമ്പോൾ കൂടുതൽ പ്രീമിയം നൽകണമായിരുന്നു എന്നും ഇൻഷുറൻസ് കമ്പനി ബോധിപ്പിച്ചു. അപേക്ഷയിൽ പറഞ്ഞ വിവരങ്ങളിൽ അപാകതയില്ലെന്നും ഡൽഹിയിൽ താൽക്കാലികമായി താമസിക്കുന്ന അപേക്ഷകൻ നാട്ടിലെ സ്ഥിരമായ മേൽവിലാസം നൽകി പോളിസി എടുത്തത് ആനുകൂല്യം നിഷേധിക്കാൻ കാരണമല്ലെന്നും കമ്മീഷൻ കണ്ടെത്തി. മഞ്ചേരിയിലെ വിലാസത്തിൽ പോളിസി എടുത്താലും ഡൽഹിയിൽ വച്ച് അപകടം പറ്റി ചികിത്സ തേടിയാൽ പ്രീമിയത്തിന്റെ അനുപാതത്തിൽ മാത്രമേ ചികിത്സാ ആനുകൂല്യം നൽകുകയുള്ളൂ എന്ന വാദം ന്യായമല്ല. ചികിത്സ തേടാൻ പോളിസിയിലെ വിലാസത്തിലെ പരിസരപ്രദേശത്ത് എത്തിച്ചേരണമെന്ന് വാദത്തിന് അടിസ്ഥാനവുമില്ല. ഇൻഷുറൻസ് പോളിസിയിൽ ഇല്ലാത്ത വ്യവസ്ഥ പിന്നീട് മുന്നോട്ടുവയ്ക്കാൻ ഇൻഷുറൻസ് കമ്പനിക്ക് കഴിയില്ല. പരാതിക്കാരന്റെ പോളിസി പ്രകാരമുള്ള 5 ലക്ഷം രൂപയും നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും കോടതി ചെലവായി പതിനായിരം രൂപയും ഒരു മാസത്തിനകം നൽകാൻ കമ്മീഷൻ ഉത്തരവിട്ടു. വീഴ്ച വന്നാൽ വിധിയായ തീയതി മുതൽ 9% പലിശയും നൽകണമെന്ന് കെ.മോഹൻദാസ് പ്രസിഡന്റും പ്രീതി ശിവരാമൻ സി.വി മുഹമ്മദ് ഇസ്മായിൽ എന്നിവർ അംഗങ്ങളുമായ ജില്ലാ ഉപഭോക്ത കമ്മീഷൻ വിധിയിൽ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# യുവസംരംഭകർക്ക് ഡ്രീംവെസ്റ്റർ 2.0 പദ്ധതിയുമായി അസാപും കെഎസ്ഐഡിസിയും

**കൊച്ചി:** കേരളത്തിലെ യുവ സംരംഭകരുടെ വളർച്ചയ്ക്കും പുതിയ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനുമായി അസാപ് കേരള, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെഎസ്ഐഡിസി) സഹകരണത്തോടെ 'ഡ്രീംവെസ്റ്റർ 2.0 ' പദ്ധതി സംഘടിപ്പിക്കുന്നു. ഈ പദ്ധതി വഴി വിദ്യാർത്ഥികൾക്ക് സ്വന്തം ആശയങ്ങളെ സംരംഭങ്ങളായി മാറ്റാനുള്ള അവസരവും സാമ്പത്തിക പിന്തുണയും നൽകുകയാണ് ലക്ഷ്യം. ശിൽപ്പശാലകൾ, ഡിസൈൻ തിങ്കിങ് വർക്ഷോപ്പ്, ഐഡിയത്തോൺ മത്സരം എന്നീ മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുക. എല്ലാ ജില്ലകളിലും രണ്ടു ഘട്ടങ്ങളിലായി സംഘടിപ്പിക്കുന്ന ഏകദിന ശില്പശാലകളിലൂടെ ഒരു ആശയം എങ്ങനെ രൂപീകരിക്കാമെന്നും കേരളത്തിൽ ഒരു സംരംഭം തുടങ്ങുന്നതിന്റെ ഗുണങ്ങളെ കുറിച്ചും സാധ്യതകളെ കുറിച്ചും വിശദീകരിക്കുകയുമാണ് ചെയ്യുന്നത്. എറണാകുളം ജില്ലയിലെ വിദ്യാർത്ഥികൾക്കായി സേക്രഡ് ഹാർട്ട് കോളേജിൽ ശിൽപ്പശാല സംഘടിപ്പിക്കും.ആദ്യ ഘട്ട ശിൽപ്പശാലകൾക്ക് ശേഷം ആശയങ്ങൾ സമർപ്പിക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് 3 മുതൽ 5 പേര് അടങ്ങുന്ന ടീമായി തങ്ങളുടെ പേര് ഐഡിയത്തോൺ മത്സരത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുന്ന ടീമുകൾക്ക് വേണ്ടി രണ്ടാം ഘട്ടത്തിൽ ഒരു ഡിസൈൻ തിങ്കിങ് വർക്ഷോപ് സംഘടിപ്പിക്കും. ഈ വർക്ഷോപ്പിലൂടെ ഒരു ആശയത്തെ എങ്ങനെ വികസിപ്പിക്കാമെന്നും അവയെ ഒരു ബിസിനസ് ആയി എങ്ങനെ മാറ്റാമെന്നുമുള്ള വിശദമായ പരിശീലനം എല്ലാ താല്പര്യമുള്ള രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്കും ലഭിക്കും. അവസാനമായി ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന ഐഡിയത്തോൺ മത്സരത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 28 ആശയങ്ങൾ സംസ്ഥാന തലത്തിൽ മാറ്റുരയ്ക്കുകയും അതിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മികച്ച 10 ആശയങ്ങൾക്ക് അംഗീകാരവും സാമ്പത്തിക സഹായവും ലഭ്യമാക്കാനും ഉതകുന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മികച്ച ആശയങ്ങൾ കൈവശമുള്ള പ്രീ ഫൈനൽ, ഫൈനൽ ഇയർ വിദ്യാർത്ഥികൾക്ക് https://connect.asap-kerala.gov.in/events/12582 എന്ന ലിങ്ക് വഴി അപേക്ഷിക്കാം. രജിസ്ട്രേഷൻ സൗജന്യമാണ്.

# തദ്ദേശസ്ഥാപനങ്ങൾ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം മന്ത്രി

## രണ്ടേകാൽ കോടിയുടെ വായ്പയും സബ്സിഡിയും ചടങ്ങിൽ വിതരണം ചെയ്തു

**മലപ്പുറം:** ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പുതിയ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മുന്നോട്ടു വരണമെന്നും എല്ലാ നഗര ഗ്രാമങ്ങളിലും ജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്ന പ്രാദേശിക സംരംഭങ്ങൾ ഉണ്ടാകുന്നതിന് ഇടപെടൽ നടത്തണമെന്നും കായിക ന്യൂനപക്ഷ ക്ഷേമ ഹജ്ജ് വഖഫ് വകുപ്പു മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. വ്യവസായ വാണിജ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും നഗരസഭകളിലും നടത്തുന്ന സംരംഭക സഭകളുടെ ജില്ലാതല ഉദ്ഘാടനം തിരൂർ സാംസ്കാരിക നിലയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മികച്ച വിദ്യാഭ്യാസവും കഴിവുമുള്ള പ്രൊഫഷനലുകളുള്ള ജില്ലയാണ് മലപ്പുറം. അവർക്ക് ഇവിടെ തന്നെ മികച്ച തൊഴിൽ ലഭ്യമാകുന്നതിന് അനുയോജ്യമായ സംരംഭങ്ങൾ വരേണ്ടതുണ്ട്. പ്രാദേശിക നിക്ഷേപങ്ങളെ സ്വന്തം നാട്ടിലേക്ക് ആകർഷിക്കാൻ ഓരോ തദ്ദേശ സ്ഥാപനവും ശ്രമിക്കണം. ഇതിനു പകരം നാട്ടിൽ വ്യവസായങ്ങൾ വരുമ്പോൾ അതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥരുടെ മനോഭാവം മാറേണ്ടതുണ്ട്. ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടിയെടുക്കാൻ ബന്ധപ്പെട്ട മേലധികാരികൾ ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ തിരൂർ നഗരസഭാ ചെയർപെഴ്സൺ എ.പി നസീമ അധ്യക്ഷത വഹിച്ചു.

പി. നന്ദകുമാർ എം.എൽ.എ ചടങ്ങിൽ ഓൺലൈനായി പങ്കെടുത്തു. ജില്ലാ കളക്ടർ വി.ആർ വിനോദ് മുഖ്യപ്രഭാഷണം നിർവഹിച്ചു. നഗരസഭാ വൈസ് ചെയർമാൻ രാമൻകുട്ടി പാങ്ങോട്ട്, വികസകാര്യ സ്ഥിരംസമിതി അധ്യക്ഷ ബിജിത ടി., കൗൺസിലർ ഷാഹുൽ ഹമീദ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ദിനേശ് ആർ, മാനേജർ അബ്ദുല്ലത്തീഫ് എ, എൽ.എസ്.ജി.ഡി അസിസ്റ്റന്റ് ഡയറക്ടർ ഷംസുദ്ദീൻ സി.കെ, ലീഡ് ജില്ലാ മാനേജർ എം.എ ടിറ്റൺ, നഗരസഭാ സെക്രട്ടറി സിനി ടി.എൻ തുടങ്ങിയവർ സംസാരിച്ചു.

പരിപാടിയിൽ എസ്.ബി.ഐ ഒൻപത് ലോണുകൾ (ഒരു കോടി രൂപ), കാനറാ ബാങ്ക് രണ്ട് ലോണുകൾ (10 ലക്ഷം രൂപ), കേരള ഗ്രാമീൺ ബാങ്ക് നാല് ലോണുകൾ (25 ലക്ഷം രൂപ), യൂണിയൻ ബാങ്ക് രണ്ട് ലോണുകൾ (11 ലക്ഷം രൂപ), യൂക്കോ ബാങ്ക് ഒരു ലോൺ (8 ലക്ഷം രൂപ), ഫെഡറൽ ബാങ്ക് ഒരു ലോൺ (37 ലക്ഷം രൂപ) എന്നിങ്ങനെ ആകെ 1.91 കോടി രൂപ വായ്പയും കേരള പിന്നോക്ക വികസന കോർപ്പറേഷന്റെ എട്ട് ലോണുകളിൽ നിന്നായി 19,45,000 രൂപയും മന്ത്രി വിതരണം ചെയ്തു. വ്യവസായ വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായി 5 പെർക്ക് പതിനാല് ലക്ഷം രൂപയും, ഇഡി ക്ലബ്ബിന്റെ 4 സർട്ടിഫിക്കറ്റുകളും 6 എം.എസ്.എം.ഇ ഇൻഷുറൻസുകളും ചടങ്ങിൽ വിതരണം ചെയ്തു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അസി. എഞ്ചിനീയർ ഷാജൻ, ജി.എസ്.ടി ഓഡിറ്റ് ഓഫീസർ നവാസ് എം കെ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപറേഷൻ തിരൂർ മാനേജർ ബാബു ടി, ഫുഡ് സേഫ്റ്റി അസി. കമ്മിഷണർ സുജിത് പെരേര തുടങ്ങിയവർ അതത് വകുപ്പുകളിലെ ലൈസൻസിങുമായി ബന്ധപ്പെട്ട വിഷയങ്ങളെ കുറിച്ച് ക്ലാസെടുത്തു. ഇരുനൂറിലധികം സംരംഭകർ പങ്കെടുത്ത പരിപാടിയിൽ, സംരംഭകരുടെ വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ജനറൽ മാനേജർ, മാനേജർമാർ, ഉപജില്ലാ വ്യവസായ ഓഫീസർമാർ ഉൾപ്പെടുന്ന ടീം മറുപടി നൽകി. വിവിധ ബാങ്കുകളുടെയും ഏജൻസികളുടെയും ഹെൽപ്പ് ഡെസ്കുകൾ സംരംഭകരെ സഹായിക്കാനായി സജ്ജീകരിച്ചിരുന്നു.

വ്യവസായ വാണിജ്യ വകുപ്പ് 202223 വർഷം മുതൽ നടത്തിയ സംരംഭക വർഷത്തിന്റെ ഭാഗമായി ജില്ലയിൽ 32664 സംരംഭങ്ങൾ ആരംഭിച്ചു. 2178 കോടി രൂപയുടെ നിക്ഷേപവും 74544 തൊഴിലവസരങ്ങൾ ഉണ്ടാവുകയും ചെയ്തു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചതിൽ ജില്ല മൂന്നാം സ്ഥാനത്ത് നിൽക്കുന്നു. നിക്ഷേപത്തിന്റെയും തൊഴിലവസരങ്ങളുടെയും വിഷയത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. സംരംഭകർക്ക് കൈത്താങ്ങാകുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ടി നടത്തുന്ന പരിപാടിയാണ് 'സംരംഭക സഭ'. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് കൊണ്ട് സംരംഭകരുടെ പ്രശ്നങ്ങൾക്ക് പ്രാദേശിക തലത്തിൽ പരിഹാരം കാണുക, അവർക്ക് സഹായകരമാകുന്ന വിവിധ സംരംഭകത്വ പ്രോൽസാഹന പദ്ധതികളെ പരിചയപ്പെടുത്തുക, സംരംഭകർക്കുള്ള വിവിധ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി പ്രാദേശിക ബാങ്കുകൾ, സർക്കാർ വകുപ്പുകൾ, ഇൻഷൂറൻസ് സേവന ദാതാക്കൾ എന്നിവരുടെ സേവനം ലഭ്യമാക്കുക എന്നിവയാണ് സംരംഭക സഭയുടെ പ്രധാന ലക്ഷ്യം.




# ആഹാരം ഉത്തരവാദിത്വ പൂർണമാകണം

**കൊച്ചി:** ഭക്ഷണം കഴിക്കുന്നത് ഉത്തരവാദിത്വത്തോടെയാകണമെന്ന് നൈപുണ്യ കോളേജിലെ ഷെഫ് വിഭാഗം പ്രൊഫ. ജോൺ കിഴക്കൂടൻ. അല്ലാത്ത രീതി 2050 ഓടെ ഭക്ഷ്യക്ഷാമത്തിന് ഇടയാക്കും.ഫോക്ലോർ ഫെസ്റ്റിന്റെ ഭാഗമായി എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ കൊച്ചിൻ ഷിപ്പ് യാർഡിന്റെ സിഎസ്ആറിന്റെ സഹായത്തോടെ പ്ലാൻ @ എർത്ത് എന്ന എൻജിഒയുടെ സഹകരണത്തോടെ സംഘടിപ്പിച്ച 'ഭക്ഷ്യ സുരക്ഷ' എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.സമീകൃതാഹാരത്തിന്റെ പ്രാധാന്യം പ്രൊഫ. ജോൺ കിഴക്കൂടൻ വിശദീകരിച്ചു. ആരോഗ്യകരമായ ഭക്ഷണം ആവശ്യത്തിനു മാത്രം കഴിക്കുന്നതാണ് പ്രസക്തം. കളങ്കിതമായ ആഹാരം മിശ്രിതമായി കഴിക്കുന്നതാണ് ഫുഡ് പോയിസൺ ഉണ്ടാക്കുന്നതെന്നും പ്രൊഫ. ജോൺ കിഴക്കുടൻ പറഞ്ഞു.ആഗോള പട്ടിണിയുടെ പട്ടികയിൽ സീരിയസ് കാറ്റഗറിയിൽപ്പെട്ട 105ാം റാങ്കിലാണെന്നു സെന്റ് തെരേസാസ് കോളേജ് ഹോംസയൻസിലെ ഡോ. ശിൽപ ജോസ് സെമിനാറിൽ പറഞ്ഞു. പക്ഷെ ലോകത്തിലെ രണ്ടാമത്തെ വലിയ ഉൽപാദക രാഷ്ട്രമാണ് ഇന്ത്യ. എന്നാൽ ഇവിടത്തെ ഉൽപന്നങ്ങൾ വികസ്വര ഘട്ടത്തിലാണ്.വികസനത്തിനുള്ള പങ്കാളിത്തം കാതലാണ്. മികച്ച ഭക്ഷണം ലഭ്യവും പ്രാപ്യവും മതിയായതുമാകണം. ഭക്ഷണത്തിൽ പോഷകാഹാര സുരക്ഷ പ്രധാനമാണ്.ആഹാരക്രമത്തിലെ മാറ്റം ദൃശ്യമാണ്. ആയുസ് വർധിച്ചു; പക്ഷെ ആരോഗ്യം കുറയുകയാണ് ചെയ്തത്. ആരോഗ്യം മെച്ചപ്പെടുത്താൻ 'ഈറ്റ് റൈറ്റ് ഇന്ത്യ മൂവ്മെന്റി'ൽ പങ്കാളികളാകണമെന്നും ഡോ. ശിൽപ പറഞ്ഞു.

# തൊഴിൽമേള സംഘടിപ്പിക്കുന്നു

**തിരുവനന്തപുരം:** മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എംപ്ലോയബിലിറ്റി സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 28ന് നിയുക്തി 2024 മിനി തൊഴിൽമേള സംഘടിപ്പിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ തൊഴിൽദായകരെയും ഉദ്യോഗാർഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന തൊഴിൽമേള കഴക്കൂട്ടം വിമെൻസ് ഐ.ടി.ഐയിലാണ് സംഘടിപ്പിക്കുന്നത്. ഐ.ടി, ഓട്ടോമൊബൈൽ, മാർക്കറ്റിങ് തുടങ്ങിയ രംഗങ്ങളിലുള്ള ഇരുപതിൽപരം പ്രമുഖ തൊഴിൽ ദായകർ പങ്കെടുക്കും. എസ്.എസ്.എൽ.സി, പ്ലസ്ടു, ഐ.ടി.ഐ, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ബി.ടെക് ട്രാവൽ ആൻഡ് ടൂറിസം, യോഗ്യത ഉള്ളവർക്കായി 500ൽപരം ഒഴിവുകളുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 8921916220, 04712992609.

# വെക്കാ സ്റ്റേ കൾച്ചർ ആപ്പ് സുരേഷ് ഗോപി പുറത്തിറക്കി

**തൃശൂർ:** ദക്ഷിണേന്ത്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റിസോർട്ട് ശൃംഖലയായ വെക്കാ സ്റ്റേയുടെ ബുക്കിംഗ് ആപ്പ് 'വെക്കാ സ്റ്റേ കൾച്ചർ' കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പുറത്തിറക്കി. മികച്ച ഓഫറുകളുമായി വെക്കാ സ്റ്റേ ലെഗസി കാർഡ്, വെക്കാ സ്റ്റേ ലോഗോ എന്നിവയുടെ ലോഞ്ചിംഗും മന്ത്രി നിർവഹിച്ചു.

വെക്കാ സ്റ്റേ ആപ്പിലൂടെ ആദ്യം രജിസ്റ്റർ ചെയ്യുന്ന 5,000 പേരിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾക്ക് ഥാർ റോക്ക്സ് നൽകുമെന്ന് കമ്പനി വക്താക്കൾ അറിയിച്ചു. ബജറ്റ് ഫ്രണ്ട്ലി ടൂർ പാക്കേജുകളാണ് കമ്പനി പ്രഖ്യാപിച്ചിരിക്കുന്നത്.

രാജ്യത്തെ വിനോദ സഞ്ചാര വികസനത്തിന് മുൻകൈ എടുക്കേണ്ടത് സംസ്ഥാന സർക്കാരുകളാണെന്ന് ചടങ്ങിൽ മന്ത്രി സുരേഷ് ഗോപി പറഞ്ഞു. ടൂറിസത്തിൻറെ സ്വഭാവം വലിയ രീതിയിൽ മാറി. അത് മുന്നിൽ കണ്ടുള്ള ആശയങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഡെസ്റ്റിനേഷൻ ബിയോണ്ട് ഡെസ്റ്റിനേഷൻ പദ്ധതി ഇത്തരത്തിൽ ഒന്നാണ്. ഗോവയിൽ ഡെസ്റ്റിനേഷൻ ബിയോണ്ട് ബീച്ചസ് എന്ന അന്വേഷണം ഈ പദ്ധതി വഴി മുന്നോട്ടുവച്ച ഒന്നാണെന്നും മന്ത്രി വ്യക്തമാക്കി.

കല്യാൺ സിൽക്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. പട്ടാഭിരാമൻ, സംവിധായകൻ മേജർ രവി, നടിമാരായ ഭാവന, നിഖില വിമൽ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. വെക്കാ സ്റ്റേ ഡയറക്ടർ ടിപ്പു ഷാ നന്ദി പറഞ്ഞു.

# കൊച്ചിൻ ബിസിനസ് ക്വിസ് ലീഗ് പാദമത്സരങ്ങൾ ഡിസംബർ 16 ന്

**കൊച്ചി :** സംസ്ഥാന ഐ ടി വകുപ്പ്, ഇൻറർനാഷണൽ ക്വിസിങ് അസോസിയേഷൻ (ഏഷ്യ), എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന ബിസിനസ് ക്വിസ് ലീഗിൻറെ കൊച്ചിയിലെ പാദമത്സരങ്ങൾ ഡിസംബർ 16 ന് ഇൻഫോപാർക്കിൽ ആരംഭിക്കും. കൊച്ചി ഇൻഫോപാർക്കിലെ അതുല്യ ഓഡിറ്റോറിയത്തിൽ വൈകീട്ട് അഞ്ചിനാണ് ക്വിസ് മത്സരങ്ങൾ നടക്കുന്നത്.

പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള രജിസ്റ്റർ ചെയ്ത കമ്പനികളുടെ ടീമുകൾക്കാണ് ക്വിസിൽ പങ്കെടുക്കാൻ അർഹതയുള്ളത്. ഒരു കമ്പനിയ്ക്ക് രണ്ടു പേരടങ്ങുന്ന ടീമിനെ പങ്കെടുപ്പിക്കാം. https://keralaquizleagues.com/registration/ എന്ന വെബ്സൈറ്റ് വഴിയാണ് ടീമുകൾ രജിസ്റ്റർ ചെയ്യേണ്ടത്.

മലബാർ, കൊച്ചി, തിരുവനന്തപുരം എന്നിങ്ങനെ മൂന്നു സോണിലായാണ് മത്സരങ്ങൾ നടക്കുന്നത്. മൂന്നു സോണിലുമുള്ള വിജയികളെ ഉൾപ്പെടുത്തി ഫൈനൽ മത്സരങ്ങളും നടത്തും. മൂന്നു സോണുകളിലുള്ള മത്സരങ്ങളിൽ പത്തു ലക്ഷത്തോളം രൂപയാണ് ക്യാഷ് പ്രൈസ് ആയി നൽകുന്നത്. ക്യൂ ഫാക്ടറിയുടെ നേതൃത്വത്തിൽ ക്വിസ്മാൻ സ്നേഹജ് ശ്രീനിവാസാണ് ക്വിസ് മാസ്റ്ററായെത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് : 88482 14565 എന്ന നമ്പറിൽ ബന്ധപ്പെടുക

# ഗ്രാമീണ ഇൻ്റർനെറ്റ് ഫോട്ടോഗ്രഫി കോണ്ടസ്റ്റുമായി കെഫോൺ

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ ഇന്റർനെറ്റ് കൊണ്ടുവന്ന മാറ്റങ്ങളെ അടിസ്ഥാനമാക്കി ഗ്രാമീണ ഇന്റർനെറ്റ് ഫോട്ടോഗ്രഫി കോണ്ടസ്റ്റുമായി കെഫോൺ. ഡിസംബർ 25 വരെ നടക്കുന്ന മത്സരത്തിൽ പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാം.എൻട്രികൾ അയക്കാനായി ഇന്റർനെറ്റ് ഗ്രാമപ്രദേശങ്ങളിലെ ജീവിതങ്ങളിൽ കൊണ്ടുവന്ന മാറ്റങ്ങളെ അടിസ്ഥാനമാക്കി ഗ്രാമീണ പശ്ചാത്തലത്തിൽ ഫോട്ടോസ് എടുത്ത് വാട്ടർമാർക്കോ മറ്റ് അടയാളങ്ങളോ ഇല്ലാതെ +91 9061604466 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കുക. തെരഞ്ഞെടുക്കുന്ന ഫോട്ടോകൾ കെഫോൺ ഫ്രെയിമോടു കൂടി വാട്സാപ്പിൽ തിരിച്ചയച്ചു നൽകും. അതിനുശേഷം കെഫോൺ ഒഫീഷ്യൽ ഫെയ്സ്ബുക്ക് അല്ലെങ്കിൽ ഇൻസ്റ്റഗ്രാം പേജ് ഫോളോ ചെയ്ത് പേജിലേക്ക് ടാഗ് ചെയ്ത് സോഷ്യൽ മീഡിയയിൽ പോസ്റ്റു ചെയ്യുകയും രണ്ട് പേരെ കമന്റ് ബോക്സിൽ ടാഗ് ചെയ്യുകയും വേണം.പോസ്റ്റിന് ലഭിക്കുന്ന ലൈക്സിന്റെയും റീച്ചിന്റെയും അടിസ്ഥാനത്തിലാണ് വിജയിയെ തീരുമാനിക്കുന്നത്. വിജയികളെ ഡിസംബർ 31ന് കെഫോൺ ഔദ്യോഗിക പേജായ www.facebook.com/kfonofficialൽപ്രഖ്യാപിക്കും. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ: http-s://bit.ly/KFONPhotographyContest. കെഫോൺ ഔദ്യോഗിക പേജുകൾ FB: https://www.facebook.com/KFONOfficial. Insta: https://www.instagram.com/kfonofficial/

# ഐസിഐസിഐ പ്രു വിഷ് പുറത്തിറക്കി

**കൊച്ചി:** ഐസിഐസിഐ പ്രു വിഷ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് പുറത്തിറക്കി. റീഇൻഷുറൻസ് ഗ്രൂപ്പ് ഓഫ് അമേരിക്കയുമായി (ആർജിഎ) സഹകരിച്ചാണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഈ പദ്ധതി വികസിപ്പിച്ചത്. സ്തന, സെർവിക്കൽ, ഗർഭാശയ അർബുദങ്ങൾ, ഹൃദയ രോഗങ്ങൾ തുടങ്ങിയ മാരക രോഗങ്ങൾ നിർണയിക്കപ്പെട്ടാൽ ഉടൻ തന്നെ മൊത്തമായ തുക നൽകുന്നതും തടസങ്ങളില്ലാത്ത ക്ലെയിം തീർപ്പാക്കലും ഇതിലുണ്ടാകും. ചികിൽസയ്ക്കായുള്ള ആശുപത്രി തെരഞ്ഞെടുക്കാൻ ഉപഭോക്താക്കൾക്ക് സ്വാതന്ത്ര്യമുണ്ടാകും. പോളിസി കാലാവധി മുഴുവൻ പ്രീമിയം ഗാരണ്ടി ഉണ്ടായിരിക്കും. ഇതോടൊപ്പം പ്രീമിയം ഹോളിഡേയ്ക്കൊപ്പം ഇൻബിൽറ്റ് ഫ്ലെക്സിബിലിറ്റിയും ലഭ്യമാകും.മാരക രോഗങ്ങൾ നിർണയിക്കപ്പെട്ടാൽ ആരോഗ്യ പരിരക്ഷാ തുകയുടെ നൂറു ശതമാനവും ഉടൻ നൽകുന്നതാവും പദ്ധതി. പതിവ് റീ ഇമ്പേഴ്സ്മെന്റിനു പകരം ഒറ്റത്തവണ നിശ്ചിത തുക നൽകുന്നതായിരിക്കും ഇവിടെ നടപ്പാക്കുക. പ്രസവ സംബന്ധമായ സങ്കീർണതകളും നവജാതശിശുവിന്റെ ജന്മനായുള്ള രോഗങ്ങളും പരിരക്ഷയുടെ പരിധിയിലാക്കാനും ഉപഭോക്താക്കൾക്കു കഴിയും. വനിതകളുടെ പ്രത്യേക രോഗങ്ങൾ കൈകാര്യം ചെയ്യാനായി ലൈഫ് ഇൻഷുറൻസ് മേഖലയിൽ നിന്നുള്ള ആദ്യ ആരോഗ്യ പദ്ധതി അവതരിപ്പിക്കാൻ സാധിച്ചതിൽ ആഹ്ലാദമുണ്ടെന്നും ഈ പദ്ധതി ചികിത്സാപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒറ്റത്തവണ പണം നൽകിക്കൊണ്ട് സാമ്പത്തികമായി തയ്യാറെടുക്കാൻ അവരെ പ്രാപ്തരാക്കുന്നവെന്നും ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്ട് ആന്റ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത് പാൽട്ട പറഞ്ഞു.




# ചെറുകിട വ്യാപാരരംഗത്തിന്റെ വളർച്ചയ്ക്ക് ബാങ്കുകളുടെ പങ്ക് നിർണായകം

**കൊച്ചി:** കേരളത്തിലെ ചെറുകിട വ്യാപാരരംഗത്തിന്റെ വളർച്ചയിൽ ബാങ്കുകൾ വഹിക്കുന്നത് നിർണായക പങ്കാണെന്ന് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2024നോടനുബന്ധിച്ച് എറണാകുളം പ്രസ് ക്ലബുമായി ചേർന്ന് സംഘടിപ്പിച്ച മീഡിയ കോൺക്ലേവ് അഭിപ്രായപ്പെട്ടു. പ്രാദേശികതലത്തിൽ വ്യാപാരവ്യവസായങ്ങൾ തുടങ്ങുന്നത് എങ്ങനെ കൂടുതൽ എളുപ്പമാക്കാം എന്ന വിഷയത്തെ കേന്ദ്രീകരിച്ചായിരുന്നു ചർച്ച. ചെറുകിട വ്യവസായങ്ങളുടെ സമഗ്രമായ വളർച്ചയ്ക്ക് ബാങ്കുകളുടെ പങ്ക് വളരെ വലുതാണെന്നും അതിനായി കൂടുതൽ ക്രിയാത്മകമായ നിലപാടുകൾ സ്വീകരിക്കാൻ എല്ലാ ബാങ്കുകളും തയാറാകണമെന്നും മീഡിയ കോൺക്ലേവ് വിലയിരുത്തി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് മാധ്യമസംഗമം ഉദ്ഘാടനം ചെയ്തു. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2024 ന്റെ ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.വ്യവസായ മന്ത്രി പി. രാജീവ്, ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ, റവന്യു മന്ത്രി കെ. രാജൻ, പൊതുമരാമത്ത്, ടൂറിസം വകുപ്പുകളുടെ മന്ത്രി പി.എ. മുഹമ്മദ് റിയാസ്, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ ഇന്ത്യക്കകത്ത് നിന്നും പുറത്തുനിന്നുമുള്ള വ്യവസായപ്രമുഖർ തുടങ്ങിയവരും എക്സ്പോയിൽ പങ്കെടുക്കും.

കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷനും (കെ.എസ്.എസ്.ഐ.എ) മെട്രോ മാർട്ടും ചേർന്ന് സംഘടിപ്പിക്കുന്ന ഇന്ത്യ അന്താരാഷ്ട്ര വ്യാവസായിക പ്രദർശനം, സംസ്ഥാന വ്യവസായ, വാണിജ്യ വകുപ്പ്, കേന്ദ്ര ചെറുകിടഇടത്തരം വ്യവസായ മന്ത്രാലയം, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയുടെ സഹകരണത്തോടെയാണ് നടത്തുന്നത്.മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽ ഇന്ത്യക്കകത്തും വിദേശത്തും വ്യാവസായിക ഉപകരണങ്ങൾ നിർമിക്കുന്ന മുന്നൂറോളം കമ്പനികൾ പങ്കെടുക്കുന്നുണ്ട്. വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, പ്രെസെന്റേഷനുകൾ, ശില്പശാലകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. വ്യവസായങ്ങൾ തുടങ്ങാനും നിലവിലുള്ളവ വികസിപ്പിക്കാനും ഉദ്ദേശിക്കുന്നവർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനായി വിവിധ ബാങ്കുകളുടെ പ്രത്യേക ഡെസ്കുകളും സജ്ജീകരിച്ചിട്ടുണ്ട്.



# കോളജ് വിദ്യാർഥികൾക്ക് ബിഫസ്റ്റ് പരിശീലനം നൽകി ആസ്റ്റർ മെഡ്സിറ്റി

**ആലുവ:** അത്യാഹിത ഘട്ടങ്ങളിൽ മനുഷ്യരുടെ ജീവൻ രക്ഷിക്കുന്നതിനുള്ള പ്രാഥമിക ശുശ്രൂഷാ മാർഗങ്ങളിൽ അവബോധം സൃഷ്ടിക്കുന്നിനായി ആസ്റ്റർ മെഡ്സിറ്റി ആവിഷ്കരിച്ച ബി ഫസ്റ്റ് പദ്ധതിയുടെ പരിശീലനം ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ (യു.സി കോളേജ്) നടന്നു. ബേസിക് ലൈഫ് സപ്പോർട്ട് (പ്രാഥമിക ജീവൻ രക്ഷ പരിശീലനം ബി.എൽ.എസ്) പരിശീലിപ്പിക്കുന്നതിലാണ് സെഷൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. മെഡിക്കൽ അത്യാഹിതങ്ങൾ ആത്മവിശ്വാസത്തോടെയും കൃത്യതയോടെയും കൈകാര്യം ചെയ്യാൻ വ്യക്തികളെ പരിശീലിപ്പിക്കുന്നതിലൂടെ ആശുപത്രിയിൽ എത്തിക്കുന്നതിന് മുമ്പുള്ള മരണങ്ങൾ ഗണ്യമായി കുറയ്ക്കാൻ ലക്ഷ്യമിടുന്നതാണ് ആസ്റ്ററിന്റെ ബിഫസ്റ്റ് പദ്ധതി.

അഞ്ഞൂറാമത് ബിഫസ്റ്റ് സെഷന്റെ ആദ്യഘട്ടത്തിൽ 250 വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയത്. അടുത്ത സെഷനിൽ 250 പേർക്ക് കൂടി പരിശീലനം നൽകും. പരിശീലന സെഷനുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അത്യാഹിതങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ സജ്ജമായ റാപ്പിഡ് റെസ്പോൺസ് ടീമിൽ (ഞണ്ഠ) ചേരുന്നതിന് കൂടുതൽ പരിശീലനം നൽകും.

ആസ്റ്റർ മെഡ്സിറ്റി സി.ഇ.ഒ ഡോ.നളന്ദ ജയദേവ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ആസ്റ്റർ മെഡ്സിറ്റിയിലെ എമർജൻസി മെഡിസിൻ ലീഡ് കൺസൾട്ടന്റ് ഡോ. ജോൺസൺ കെ. വർഗീസ്, യു.സി കോളേജ് നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർ ഡോ. അജലേഷ് ബി. നായർ, യു.സി കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. മിനി ആലീസ്, യുസി കോളേജ് 22 കെ. ബറ്റാലിയൻ എൻസിസി ഓഫീസർ മേജർ കെ.എസ് നാരായണൻ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# സ്വിച്ച് മൊബിലിറ്റി രണ്ട് പുതിയ ലോ ഫ്ളോർ ഇലക്ട്രിക് സിറ്റി ബസുകൾ പുറത്തിറക്കി

**കൊച്ചി:** അശോക് ലെയ്‌ലാൻഡിൻറെ അനുബന്ധ കമ്പനിയും ഹിന്ദുജ ഗ്രൂപ്പിൻറെ ഭാഗവുമായ സ്വിച്ച് മൊബിലിറ്റി ലിമിറ്റഡ്, സ്വിച്ച് EiV12, സ്വിച്ച് E1 എന്നീ പേരുകളിൽ രണ്ട് പുതിയ ലോ ഫ്ളോർ ഇലക്ട്രിക് സിറ്റി ബസുകൾ പുറത്തിറക്കി. ഇന്ത്യ, യൂറോപ്പ്, ജിസിസി എന്നിവിടങ്ങളിൽ അർബൻ മൊബിലിറ്റിയെ പുനർനിർവചിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇലക്ട്രിക് ബസുകളുടെയും ലൈറ്റ് കൊമേഴ്സ്യൽ വാഹനങ്ങളുടെയും മുൻനിര നിർമാതാക്കളായ സ്വിച്ച് പുതിയ രണ്ട് മോഡലുകൾ പുറത്തിറക്കിയിരിക്കുന്നത്. ചാസിമൗണ്ടഡ് ബാറ്ററികളുള്ള ഇന്ത്യയിലെ ആദ്യത്തെ ലോഫ്ളോർ സിറ്റി ബസാണ് സ്വിച്ച് ഋശഢ12. മാറ്റാൻ സാധിക്കുന്ന 400 പ്ലസ് കിലോ വാട്ട് ബാറ്ററിയാണ് ഇതിൻറെ കരുത്ത്. 39 യാത്രക്കാർക്ക് വരെ ഇരുന്ന് യാത്ര ചെയ്യാം.

യൂറോപ്യൻ മാർക്കറ്റിനായി രൂപകൽപന ചെയ്ത മോഡലാണ് ഋ1. രണ്ട് മോഡലുകളും പൊതുവായ ഡിസൈൻ തത്വവും ഇവി ആർക്കിടെക്ചറുമാണ് പങ്കിടുന്നത്. ചെന്നൈയിൽ നടന്ന ചടങ്ങിൽ കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി സ്വിച്ച് ഇലക്ട്രിക് ബസുകളുടെ പുതിയ നിര ഔദ്യോഗികമായി പുറത്തിറക്കി. ഹിന്ദുജ ഗ്രൂപ്പ് കമ്പനീസ് (ഇന്ത്യ) ചെയർമാൻ അശോക് പി ഹിന്ദുജ, വിശിഷ്ട വ്യക്തികൾ, വ്യവസായ പ്രമുഖർ എന്നിവർ പങ്കെടുത്തു.

മെയ്ഡ് ഇൻ ഇന്ത്യ, ഫോർ ഇന്ത്യ ആൻഡ് വേൾഡ് എന്ന പ്രധാനമന്ത്രിയുടെ മെയ്ക്ക് ഇൻ ഇന്ത്യ വിഷനുള്ള ആദരവാണ് ഈ ബസുകളെന്ന് ഹിന്ദുജ ഗ്രൂപ്പ് കമ്പനീസ് (ഇന്ത്യ) ചെയർമാൻ അശോക് പി ഹിന്ദുജ ചടങ്ങിൽ പറഞ്ഞു.

പുതിയ മോഡലുകളുടെ ലോഞ്ചിങ് ഹിന്ദുജ ഗ്രൂപ്പിനും അശോക് ലെയ്‌ലാൻഡിനും അഭിമാനകരമായ നാഴികക്കല്ലാണെന്നും, ഇത് സുസ്ഥിര മൊബിലിറ്റിയോടുള്ള ഞങ്ങളുടെ പ്രതിബദ്ധത അടിവരയിടുന്നുവെന്നും സ്വിച്ച് മൊബിലിറ്റി ചെയർമാൻ ധീരജ് ഹിന്ദുജ പറഞ്ഞു.

# കാസിയോ തൃശൂരിൽ പുതിയ എക്സ്ക്ലൂസീവ് സ്റ്റോർ ആരംഭിക്കുന്നു




**കൊച്ചി:** ജപ്പാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കാസിയോയുടെ ഉടമസ്ഥതയിലുള്ള കാസിയോ കമ്പ്യൂട്ടർ കമ്പനി ലിമിറ്റഡ് തൃശൂരിൽ എക്സ്ക്ലൂസീവ് സ്റ്റോർ ആരംഭിക്കുന്നു. സെന്റ് തോമസ് കോളേജ് റോഡിലാണ് പുതിയ സ്റ്റോർ. കേരളത്തിലെ അഞ്ചാമത്തെ എക്സ്ക്ലൂസീവ് സ്റ്റോറായ ഇത് കാസിയോയുടെ രാജ്യത്തെ സ്റ്റോറുകളുടെ എണ്ണം 65 ആയി വർധിപ്പിച്ചു. 5000, 5600, 6900, 110, 2100 സീരീസുകളിൽ നിന്നുള്ള ലിമിറ്റഡ്എഡിഷൻ ഡ്രോപ്പുകൾ, ഏറ്റവും പുതിയ ജിസ്റ്റീൽ ശ്രേണി ഉൾപ്പെടെ ജിഷോക്കിന്റെ റഫ് ഐക്കണിക് സ്റ്റൈലുകൾ മുതൽ വിപുലമായ ടൈംപീസുകൾ വരെ സ്റ്റോറിൽ ലഭിക്കും.

എഡിഫൈസ് ശ്രേണിയിൽ നിന്നുള്ള ക്രോണോഗ്രാഫുകൾ, കാസിയോ വിന്റേജ് ശ്രേണിയിൽ നിന്നുള്ള നിയോറെട്രോ സ്റ്റൈലുകൾ തുടങ്ങിയവയും ഇവിടെ ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ എല്ലാ ദിവസവും രാവിലെ 10:00 മുതൽ രാത്രി 9:00 വരെ സ്റ്റോർ പ്രവർത്തിക്കും. ട്രെൻഡ്സെറ്റിംഗ് സ്റ്റൈലും അനിതര സാധാരണമായ ജാപ്പനീസ് ക്രാഫ്റ്റും രാജ്യത്തുടനീളം എത്തിക്കാനുള്ള കമ്പനിയുടെ ദൗത്യത്തിലെ സുപ്രധാന ചുവടുവയ്പ്പാണ് തൃശൂരിലെ സ്റ്റോറെന്ന് കാസിയോ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ഹിഡെകി ഇമൈ പറഞ്ഞു.

# വികസനത്തിൽ പ്രധാനം ഗുണഭോക്താവ്: ഫോക്‌ലോർ ഫെസ്റ്റ് സെമിനാർ




**കൊച്ചി:** യഥാർത്ഥ ഗുണഭോക്താവ് ആണ് വികസനത്തിൽ പ്രധാനമെന്ന് കോളേജ് എജ്യുക്കേഷൻ റിട്ട. ഡെപ്യൂട്ടി ഡയറക്ടർ പ്രൊഫ. പി കെ രവീന്ദ്രൻ. ആവശ്യമുള്ളവർക്കെല്ലാം പ്രയോജനപ്പെടുന്നതാകണം വികസനം. സംതുലിത വിതരണം അത് ആവശ്യപ്പെടുന്നു.

എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ ഫോക്‌ലോർ ഫെസ്റ്റിനോടനുബന്ധിച്ച ക്ലൈമറ്റ് റൗണ്ട് ടേബിൾ സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊച്ചിൻ ഷിപ്പ് യാർഡിന്റെ സിഎസ്ആർ ഫണ്ടുപയോഗിച്ച് പ്ലാൻ @ എർത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചതാണ് 'സുസ്ഥിര വികസനം' സെമിനാർ.

മുഴുവൻ സമൂഹത്തിനും പ്രയോജനപ്പെടുന്നതാണ് പ്രകൃതി വിഭവങ്ങൾ എന്നു പ്രൊഫ. പി കെ രവീന്ദ്രൻ പറഞ്ഞു. പരിമിതമായ അളവിലുള്ളതാണ് വിഭവങ്ങൾ. ജലം സമൂഹത്തിന്റെ സ്വത്താണ്.

പരിപാലനത്തിൽ മനോഗതിയിലെ വ്യത്യാസം അനിവാര്യമാണ്. ഇതിൽ ഇക്കോണമി, ഇകിറ്റി, എൻവയൺമെന്റ് എന്നിവ പ്രധാനമെന്നും പ്രൊഫ. രവീന്ദ്രൻ വ്യക്തമാക്കി.

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ 17 കാര്യങ്ങൾ ഉൾപ്പെടുന്നതായി സെമിനാറിൽ സെന്റ് തെരേസാസ് കോളേജിലെ ഇക്കണോമിക്സ് അസി. പ്രൊഫ. പേളി ആന്റണി പറഞ്ഞു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ റാങ്കിംഗിൽ 109 ാം സ്ഥാനമാണ് ഇന്ത്യയ്ക്കെന്നും അവർ വിശദമാക്കി.

